JESUS REDEEMS MINISTRIES

# യുവജനലോകം

നവംബർ 2024



## ഇനിയും താമസമോ?

ശക്തനായവൻ നിനക്കുവേണ്ടി
തീക്ഷ്തയോടെ ഇരിക്കുവാൻ,
വാഞ്ചയോടെ ഓടുക!

# ഫോണിന്റെ ഉപയോഗം!

TECH - 10




Hello സ്നേഹിതരെ, യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹാശംസകൾ! ഇന്ന് Tech article ലൂടെ വീണ്ടും നിങ്ങളെ കണ്ടതിൽ വളരെ സന്തോഷം. കഴിഞ്ഞ മാസം Meta AI കുറിച്ച് പഠിച്ചു. ഈ മാസം രസകരമായ മറ്റൊരു വിവരവുമായി നിങ്ങളെ കാണുവാൻ ഞാൻ തയാറായിരിക്കുന്നു. വരുവിൻ article - ലേക്ക് പോകാം.

പൊതുവായി നാം മൊബൈൽ കൈകാര്യം ചെയ്യുമ്പോൾ, ചില ആപ്ലിക്കേഷനുകൾ നിർദ്ദിഷ്ടമായ പണം അടച്ച് ഉപയോഗിക്കേണ്ടതുണ്ട്. ആ സമയത്ത് അത് ഒഴിവാക്കാൻ ചിലർ mod apk എന്ന പരിഷ്കരിച്ച ആപ്ലിക്കേഷൻ ഉപയോഗിക്കുന്നു. mod apk എന്നാൽ, ചില applications സാധാരണ സൗകര്യങ്ങളോടെ മാത്രമല്ല, അധികം ചില സൗകര്യങ്ങളോടെ, modified application നായി ഒരു സ്വകാര്യ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു എന്നതാണ്. ഇത്തരത്തിലുള്ള apps android play storeൽ ലഭ്യമാണെങ്കിലും പലരും mod apk download ചെയ്ത് ഉപയോഗിക്കുന്നത് പണം നൽകേണ്ടി വരുന്നതിനാലാണ്. android play storeലൂടെ അല്ലാതെ, private websiteൽ download ചെയ്ത് ഉപയോഗിക്കുന്നതിനാൽ നിരവധി സുരക്ഷാ പിഴവുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. നിങ്ങളുടെ ഫോണിൽ ഒരു app install ചെയ്യുമ്പോൾ അത് files, photos, location എന്നിങ്ങനെയുള്ള ചില കാര്യങ്ങൾ ഉപയോഗിക്കാൻ അനുമതി ചോദിക്കും. അങ്ങനെ ആവശ്യപ്പെടുമ്പോൾ, നിങ്ങൾ എല്ലാത്തിനും allow എന്ന് കൊടുക്കുമ്പോൾ, നിങ്ങൾ അറിയാതെ തന്നെ നിങ്ങളുടെ ഫോണിലെ ഫോട്ടോകൾ, ഫോൺ നമ്പറുകൾ നിങ്ങൾ ലോകത്തിൽ എവിടെ പോകുന്നു വരുന്നു എന്നുള്ള വിവരങ്ങളും, google search history വിവരങ്ങളും, അജ്ഞാതനായ മൂന്നാമതൊരാൾക്ക് നൽകുന്നുവെന്നാണ് അർത്ഥം.

ഇതുനിമിത്തം ഭാവിയിൽ നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ മോഷ്ടിക്കാനും, അല്ലെങ്കിൽ ക്യാമറ, മൈക്ക് എന്നിവ ഉപയോഗിച്ച് നിങ്ങളുടെ പ്രവർത്തനങ്ങൾ രഹസ്യമായി റെക്കോർഡ് ചെയ്ത് നിങ്ങളെ ഭീഷണിപ്പെടുത്താനുമുള്ള സാധ്യതയുണ്ട്.

അതുകൊണ്ട് യൗവനക്കാരെ, നിങ്ങൾ നിങ്ങളുടെ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും ഇതിനെക്കുറിച്ച് ബോധവൽക്കരണം നൽകണം. ഒരുപക്ഷേ നിങ്ങളും ഇങ്ങനെ ചില *apps download* ചെയ്തിട്ടുണ്ടെങ്കിൽ, ഇപ്പോൾ തന്നെ അത് *uninstall* ചെയ്യുവാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. അതുപോലെ *clone app* എന്ന് വിളിക്കുന്ന ഇതര ആപ്പുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കണം. പ്രത്യേകിച്ച് *whatsapp*ന്റെ *clone app* ആയി *GB whatsapp* എന്നൊരു ആപ്പുണ്ട്. വാട്സാപ്പിനേക്കാൾ കൂടുതൽ ഫീച്ചറുകൾ ഇതിലുണ്ട്. എന്നാൽ ഇതുവഴി നിങ്ങളുടെ സുരക്ഷ പൂർണ്ണമായും ഹനിക്കപ്പെടാനുള്ള സാധ്യതയുമുണ്ട്. *GB whatsapp* ഉപയോഗിച്ച് നിങ്ങളുടെ ഫോണിലെ *contact numbers, mic,files* പോലെ എല്ലാം ഹാക്ക് ചെയ്യാനുള്ള സാധ്യത കൂടുതലാണ്. അതുകൊണ്ട് വളർന്നുവരുന്ന സാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യുന്നതിൽ നമുക്ക് ജാഗ്രത പുലർത്താം. സാങ്കേതികവിദ്യ ഉപയോഗിച്ച് നമുക്ക് ദൈവനാമം മഹത്വപ്പെടുത്താൻ പരിശ്രമിക്കാം.



# ഇനിയും താമസമോ?

## ആമുഖം



എന്റെ പ്രിയപ്പെട്ട യൗവനക്കാരെ യേശുവിന്റെ നാമത്തിൽ ഞാൻ നിങ്ങളെ വന്ദനം ചെയ്യുന്നു. എല്ലായ്പ്പോഴും നിങ്ങൾക്ക് വിജയം നൽകുന്ന കർത്താവിനെ പൂർണ്ണ മനസ്സോടെ സ്തുതിക്കുവിൻ.

ഈ അന്ത്യകാല ഉണർവിൽ യൗവനക്കാരുടെ പങ്ക് വളരെ വലുതായതുകൊണ്ട് നിങ്ങളുടെ സംസ്ഥാനങ്ങളിലും ജില്ലകളിലും പലരും തീവ്രമായി ശുശ്രൂഷ ചെയ്യുന്നതിൽ ഞാൻ കർത്താവിനെ സ്തുതിക്കുന്നു.

ഒരു വശത്ത് ഉണർവിനായി ഒരുക്കത്തോടെ കാത്തിരിക്കുന്നു, മറുവശത്ത് ചെയ്യേണ്ട പല ജോലികളും താമസിച്ച് നടക്കുന്നത് കർത്താവിന് വേദനയുണ്ടാക്കുന്നു. അവർ ആദ്യം യെരുശലേമിൽ ഒരു യാഗപീഠം പണിത് ദൈവത്തിന് ഹോമയാഗങ്ങൾ അർപ്പിക്കുവാൻ തുടങ്ങി. പിന്നെ അവർ ആലയത്തിന്റെ അടിസ്ഥാനമിട്ടു. എന്നാൽ പ്രതിഷേധം നേരിട്ടപ്പോൾ അവർ പണി പാതിവഴിയിൽ ഉപേക്ഷിച്ചു. ഒരു ദിവസമല്ല, രണ്ട് ദിവസമല്ല, 15 വർഷം അവർ ദേവാലയപണികൾ ഉപേക്ഷിച്ചു. പിന്നീട് അവർ അത് മറന്ന് സ്വന്തം കാര്യങ്ങൾ നോക്കുവാനും സ്വന്തം ഭവനം പണിയുവാനും തുടങ്ങി. പിന്നെ യെരുശലേമിൽ ഒരു ആലയം പണിയാൻ പേർഷ്യൻ രാജാവായ സൈറസിനെ ദൈവം പ്രചോദിപ്പിച്ചതിനാൽ ബാബിലോണിൽ നിന്ന് ഒരു ജനക്കൂട്ടം വന്നതായി തിരുവചനത്തിൽ നാം വായിക്കുന്നു.

അപ്പോൾ ഹഗ്ഗായി പ്രവാചകനിലൂടെ വചനം പുറപ്പെട്ടു. ദൈവം സെരുബ്ബാബേലിന്റെ ആത്മാവിനെയും മഹാപുരോഹിതനായ യോശുവയുടെ ആത്മാവിനെയും ജനത്തിന്റെ ആത്മാവിനെയും എഴുന്നേൽപ്പിച്ചു. അവർ എഴുന്നേറ്റ് ദേവാലയം പണിത് പൂർത്തിയാക്കി.

ദൈവം നിങ്ങളെ വിശ്വസിച്ച് ഏൽപ്പിച്ച ഉത്തരവാദിത്തങ്ങൾ എത്ര നന്നായി ചെയ്തിരിക്കുന്നു? എത്ര ജോലികൾ പാതിവഴിയിൽ നിർത്തിയിരിക്കുന്നു? നമ്മുടെ സ്വന്തം ജോലി ഒരിക്കലും താമസിപ്പിക്കാതെ, എല്ലാം കൃത്യസമയത്ത് ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ പണികളുടെ കാര്യത്തിൽ നാം എന്തുമാത്രം ഒഴിവുകഴിവുകൾ പറയുന്നു. നമ്മുടെ കാലതാമസം നിമിത്തം ദൈവരാജ്യത്തിന്റെ പ്രവൃത്തികൾ വൈകുന്നു. പലപ്പോഴും അത് നിലയ്ക്കുന്നു. സെരുബ്ബാബേലിനെപ്പോലെയുള്ള ഒരു നേതാവായാണ് ദൈവം നിങ്ങളെ വിളിക്കുന്നത്. അത് ഗൗരവമായി ചെയ്യുമെന്ന് വിശ്വസിച്ച് ഉത്തരവാദിത്തം ഏൽപ്പിച്ചാൽ, വൈകുമ്പോൾ അത് ദൈവത്തിന്റെ പദ്ധതിയെ ബാധിക്കും.

**അതുകൊണ്ട് കാലതാമസം ഒഴുവാക്കുവിൻ! നിങ്ങൾ തീവ്രതയും വേഗതയും കാണിക്കുമ്പോൾ, ദൈവത്തിന്റെ ഹൃദയം സന്തോഷിക്കും.**





**അതുകൊണ്ട് തളർന്നുപോകാതെ മുന്നോട്ട് പോകുവിൻ! എന്ത് തടസ്സം വന്നാലും, തകർത്ത് മുന്നേറുവിൻ!**

**കർത്താവ് നിങ്ങളോടുകൂടെയിരുന്ന് നിങ്ങളുടെ കരങ്ങളെയും ഹൃദയത്തെയും ശക്തിപ്പെടുത്തട്ടെ!!**

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്

# കുടിലിൽ നിന്ന് കൊട്ടാരത്തിലേക്ക്...



**തമിഴ്നാടിന്റെ തെക്കൻ പ്രദേശമായ കന്യാകുമാരി ജില്ലയിൽ വളരെ ദരിദ്രമായ ഒരു കുടുംബത്തിൽ ജനിച്ച, 10 വയസ്സുവരെ വിക്കോടെ സംസാരിച്ചുകൊണ്ടിരുന്ന സഹോ. ലിയോ എഡ്മാൻ, എങ്ങനെയാണ് ഫിസിഷ്യൻ അസിസ്റ്റന്റ് എന്ന നിലയിൽ നിന്ന് ക്യാൻസർ ബാധിതരെ ചികിത്സിക്കുന്ന ഒരു ഡോക്ടറായി മാറിയതെന്ന് അദ്ദേഹത്തോട് തന്നെ നമുക്ക് ചോദിച്ച് മനസ്സിലാക്കാം, വരുവിൻ.**










### നിങ്ങളുടെ കുടുംബത്തെയും ബാല്യകാലത്തെയും കുറിച്ച് പറയാമോ?



ഞാൻ കന്യാകുമാരി ജില്ലയിലെ തക്കലയിൽ ഒരു ഇടത്തരം കുടുംബത്തിലാണ് ജനിച്ചത്. എന്റെ പിതാവ് വീടുപണി ചെയ്തുവന്നിരുന്നു. എനിക്ക് ഒരു ചേച്ചിയുണ്ട്. എന്റെ അമ്മ വീട്ടിലിരുന്ന് ഞങ്ങളെ നോക്കിയിരുന്നു. ഞങ്ങൾ താമസിച്ചിരുന്ന വീട് ഓട് മേഞ്ഞതായിരുന്നതിനാൽ മഴക്കാലത്ത് വീട്ടിനുള്ളിലേക്ക് മഴവെള്ളം വീഴുമായിരുന്നു. വെള്ളം വീഴുന്ന സ്ഥലങ്ങളിൽ ഞങ്ങൾ പാത്രങ്ങൾ വയ്ക്കും. ഇതാണ് ഞങ്ങളുടെ കുടുംബത്തിന്റെ അവസ്ഥ. ഞങ്ങളുടെ കുടുംബം സാമ്പത്തികമായി വളരെ പിന്നോക്കമായിരുന്നു. ഞാൻ സ്കൂളിൽ പഠിക്കുന്ന സമയത്ത് രാവിലെ വെള്ളം മാത്രം കുടിച്ചിട്ടാണ് പോകുന്നത്. ഉച്ചയ്ക്ക് വെറും ചോറ് മാത്രമായിരുന്നു! അതിൽ ഒരു രൂപയുടെ അച്ചാർ വാങ്ങി കൊണ്ടുപോകും. അതായിരുന്നു എന്റെ സ്കൂൾ കാലഘട്ടത്തിലെ ഉച്ചഭക്ഷണം. ഇത് കണ്ട് എന്റെ കൂട്ടുകാർ എന്നെ കളിയാക്കും.

അതുമാത്രമല്ല, ജന്മനാ എന്റെ നാവ് അണ്ണാക്കോട് ഒട്ടിയിരുന്നതിനാൽ, എനിക്ക് ശരിയായി സംസാരിക്കുവാൻ കഴിഞ്ഞിരുന്നില്ല. വിക്കി വിക്കിയാണ് ഞാൻ സംസാരിക്കുന്നത്. എല്ലാവരും എന്നെ കളിയാക്കി, 'അവൻ ജീവിതകാലം മുഴുവനും ഇങ്ങനെതന്നെ സംസാരിക്കും' എന്ന് പറയും.

ഈ സാഹചര്യത്തിൽ ഒരു ദിവസം എന്റെ അമ്മ പ്രാർത്ഥനാ കൂട്ടായ്മയിൽ പ്രാർത്ഥിക്കാൻ പോയപ്പോൾ, "വിക്കന്മാരുടെ നാവു തടവില്ലാതെ വ്യക്തമായി

സംസാരിക്കും" ( യെശ. 32:4) എന്ന വചനത്തിലൂടെ കർത്താവ് സംസാരിച്ചു. ആ വചനം പറഞ്ഞ് എന്റെ അമ്മ എല്ലാ ദിവസവും പ്രാർത്ഥിക്കാൻ തുടങ്ങി. ഞാൻ 10-ാം ക്ലാസിൽ പഠിക്കുമ്പോൾ പതുക്കെ പതുക്കെ വ്യക്തതയോടെ സംസാരിക്കുവാൻ തുടങ്ങി. ഇതിൽ നിന്ന് യേശു എനിക്ക് അത്ഭുതകരമായ സൗഖ്യം നൽകി. ഞാൻ ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ, ഒരു ദൈവശുശ്രൂഷകൻ എന്നോട്: "നീ ഹോമിയോപ്പതി ഡോക്ടറാകും" എന്ന് പറഞ്ഞിരുന്നു. ആ വാക്കുകൾ എന്റെ ഹൃദയത്തിൽ ആഴ്ന്നിറങ്ങി. ഞാൻ വളരെ പ്രയത്നിച്ച് പത്താം ക്ലാസ് പൂർത്തിയാക്കി. 12- ാം ക്ലാസിൽ Science Methodology എടുത്ത് പഠിച്ചു. പക്ഷേ +2വിൽ ശരിയായി പഠിക്കാൻ കഴിയാത്തതിനാൽ ഞാൻ chemistry പരീക്ഷയിൽ പരാജയപ്പെട്ടു.

**chemistry യിൽ പരാജയപ്പെട്ടതിനുശേഷം പഠനം തുടർന്നോ? നിങ്ങളുടെ മാനസികാവസ്ഥ എങ്ങനെയായിരുന്നു?**

ഒരു വിഷയത്തിൽ പരാജയപ്പെട്ടത് വളരെ നിരാശാജനകമായിരുന്നു. എനിക്ക് ഇനി ഒരു ഹോമിയോ ഡോക്ടറാകാൻ കഴിയില്ല! ഇത് ഇനി എന്റെ സ്വപ്നമായിരിക്കുമോ?, ഇനി എനിക്ക് പഠിക്കുവാൻ പറ്റില്ലല്ലോ, എന്നോർത്ത് വിഷമിച്ച് വീട്ടിലേക്ക് വന്നപ്പോൾ, എന്റെ പിതാവ് എനിക്ക് 2 options നൽകി. ഒന്ന്, എന്നെപ്പോലെ ഇഷ്ടികപ്പണിക്കാരനായി ജോലിചെയ്യാൻ വരിക, അല്ലെങ്കിൽ അടുത്തുള്ള പെട്രോൾ പമ്പിൽ ജോലിക്ക് പോകുക എന്ന് പറഞ്ഞു. അത് എനിക്ക് വളരെ ബുദ്ധിമുട്ടായിരുന്നു. എന്റെ സ്നേഹിതർ ആർട്സ് കോളേജിൽ പഠിക്കാൻ എന്നോട് നിർദ്ദേശിച്ചു. ആർട്സ് കോളേജിൽ പോയി ഏതെങ്കിലും ഒരു ഡിഗ്രി പൂർത്തീകരിക്കുവിൻ എന്നു പറഞ്ഞ ഉപദേശം വളരെ നല്ലതായി എനിക്ക് തോന്നി.

**ശരി സഹോദരാ, 12-ാം ക്ലാസിൽ പരാജയപ്പെട്ടു എന്ന് പറഞ്ഞല്ലോ.... നിങ്ങളുടെ അടുത്ത നീക്കം എന്തായിരുന്നു?**

ആ നാളുകളിൽ ഞാൻ Youth Fellowship ലും പ്രാർത്ഥനയിലും പങ്കെടുക്കാൻ തുടങ്ങി. അപ്പോൾ അവിടെയുള്ള ഒരു സഹോദരൻ എനിക്കുവേണ്ടി പ്രത്യേകം ഒരു ട്യൂട്ടറെ നിയമിച്ച് പഠിക്കുവാൻ ക്രമീകരണങ്ങൾ ചെയ്തിരുന്നു. ട്യൂട്ടർ എനിക്ക് വളരെ ലളിതമായി, കഥാ രൂപത്തിൽ പഠിപ്പിച്ചു തന്നതിനാൽ, എനിക്ക് അത് വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. ആ ദിവസങ്ങളിൽ കർത്താവ് എനിക്ക് മെഡിക്കൽ സീറ്റ് കിട്ടാൻ വേണ്ടത്ര ശതമാനം മാർക്ക് നൽകി.എങ്കിലും "സീറ്റ് കിട്ടുമോ?" എന്ന ഒരു ചോദ്യമുണ്ടായിരുന്നു. ഞാൻ വിശ്വാസത്തോടെ ഫോം വാങ്ങി പൂരിപ്പിച്ചു. എനിക്ക് സീറ്റ് കിട്ടുകയും, തുടർന്ന് പഠിക്കുവാനും തുടങ്ങി. ഹോമിയോപ്പതിയുടെ ആദ്യ വർഷം കഴിഞ്ഞിട്ടും ആ വർഷത്തെ ഫീസ് അടയ്ക്കുവാൻ കഴിയാത്ത സാഹചര്യം. എല്ലാ ദിവസവും എന്റെ




പേര് വിളിച്ച് ഫീസ് അടയ്ക്കുവാൻ പറയുമ്പോൾ എനിക്ക് വളരെ അപമാനമായി തോന്നിയിരുന്നു. സഹപാഠികൾ എന്നെ പുച്ഛത്തോടെ നോക്കുവാൻ തുടങ്ങി. എനിക്ക് വിദ്യാഭ്യാസ വായ്പ ലഭിക്കുമെന്ന് അവർ പറഞ്ഞു. എന്നാൽ എനിക്ക് അത് Personal ലോണായി മാറ്റി നൽകി. Personal ലോണാണെങ്കിൽ പലിശ നിരക്ക് കൂടുതലാണ്. ആ കടം വീട്ടാൻ എനിക്ക് കൂടുതൽ കൂടുതൽ പലിശ കൊടുക്കേണ്ടി വന്നു, എനിക്ക് എന്റെ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ വളരെ കഷ്ടപ്പെട്ടു. അതുനിമിത്തം കോളേജിൽ തുടർന്ന് പഠിക്കാൻ കഴിയാതെ എന്റെ പഠനം നിർത്തേണ്ട അവസ്ഥ വന്നു. അതുകാരണം ഞാൻ വളരെ മനോഭാരത്തിലായി.

**ശരി, എങ്ങനെയാണ് നിങ്ങൾ വളരെ പ്രയാസകരമായ സാഹചര്യം കൈകാര്യം ചെയ്തത്?**

ഒരു ഹോട്ടലിൽ കാഷ്യർ ജോലിക്ക് ആളെ ആവശ്യമുണ്ടെന്നറിഞ്ഞ് സന്തോഷത്തോടെ ജോലിക്ക് ചേർന്നു. കാരണം മൂന്ന് നേരവും നല്ല ഭക്ഷണം അവിടെ നിന്നും ലഭിക്കും. അന്നൊക്കെ എനിക്ക് ഭക്ഷണം വളരെ പ്രധാനമായിരുന്നു. എന്ത് അപമാനവും ഗണ്യമാക്കാതെ ആ ഹോട്ടലിൽ ജോലിക്ക് കയറി. അതായിരുന്നു എന്റെ ജീവിതത്തിന്റെ വഴിത്തിരിവ്. പത്ത് ദിവസം മാത്രമേ ഞാൻ ആ ഹോട്ടലിൽ ജോലി ചെയ്തുള്ളൂ. ഞാൻ ജോലി ചെയ്തിരുന്ന ഹോട്ടലിൽ, ഞാൻ പഠിച്ചിരുന്ന കോളേജിൽ ജോലി ചെയ്തിരുന്ന ധാരാളം പേർ ഭക്ഷണം കഴിക്കാൻ വരുമായിരുന്നു. അപ്പോൾ ആരോ എന്നെക്കുറിച്ച് അന്വേഷിച്ചു, എന്റെ ദയനീയാവസ്ഥ അറിഞ്ഞ് കോളേജ് മാനേജ്മെന്റിൽ എനിക്ക് വേണ്ടി സംസാരിച്ചു. കോളേജിൽ നിന്ന് എന്നെ വിളിച്ച് "പഠനം തുടരുന്നോ?" എന്ന് ചോദിച്ചു. എനിക്ക് പഠിക്കുവാൻ വളരെ ആവേശമുണ്ട് എന്ന് പറഞ്ഞപ്പോൾ അവർ എല്ലാ പരീക്ഷകളും എഴുതിച്ചു. ഞാൻ First ക്ലാസിൽ പരീക്ഷ പാസായി. 'മൂന്ന് വർഷം തുടർച്ചയായി പഠിക്കാൻ ഫീസ് അടക്കാൻ എന്ത് ചെയ്യും?' എന്നാലോചിച്ചപ്പോൾ, കർത്താവ്

അത്ഭുതകരമായി പഴയ ബാങ്ക് മാനേജരെ മാറ്റി, പുതിയ മാനേജരെ കൊണ്ടുവന്ന് വിദ്യാഭ്യാസ വായ്പ എടുക്കാൻ സഹായിച്ചു.

**Praise God! പല തടസ്സങ്ങൾ അതിജീവിച്ച് കോളേജിൽ നിന്ന് ബിരുദം നേടിയ ശേഷം ഇപ്പോൾ എവിടെയാണ് ജോലി ചെയ്യുന്നത്?**

എന്റെ സ്നേഹിതൻ ഒരു വലിയ ആശുപത്രിയിൽ കാൻസർ Departmentൽ ജോലി ചെയ്തുവന്നു. ഒരു ദിവസം ഞാൻ അവന്റെ അടുക്കൽ പോയപ്പോൾ, കാൻസർ ബാധിച്ചവരെ കണ്ടയുടൻ എന്തെങ്കിലും ചെയ്യണമെന്ന വാഞ്ച ഉണ്ടായതുകൊണ്ട് ഞാൻ സ്നേഹിതനോട് ചോദിച്ചു. അവിടെ ഒരു vacancy ഉണ്ടെന്ന് പറഞ്ഞു. ഞാനും അതിനായി ശ്രമിച്ചു. എന്നാൽ എനിക്ക് ആ ജോലി ലഭിച്ചില്ല. "ഞാൻ എന്ത് ചെയ്താലും പരാജയമായിരിക്കും" എന്ന് വളരെ നിരാശനായി. ആ സാഹചര്യത്തിൽ ഒരു യുവജന കൂട്ടായ്മയിൽ പങ്കെടുത്തപ്പോൾ, എനിക്ക് പ്രാർത്ഥിക്കുവാൻ പോലും കഴിഞ്ഞില്ല. ഞാൻ അറിയാതെ ഒരുപാട് കരഞ്ഞു. കരഞ്ഞുകൊണ്ട് വീട്ടിലേക്ക് വന്നു. അടുത്ത ദിവസം, അതേ ആശുപത്രിയിൽ നിന്നും ഞാൻ ശ്രമിച്ച കാൻസർ Departmentൽ vacancy ഉണ്ട്, വന്ന് join ചെയ്യുവിൻ പറഞ്ഞു. അന്നുമുതൽ ഇന്നുവരെ ഞാൻ ആ പ്രശസ്തമായ ആശുപത്രിയിൽ 10 വർഷമായി കാൻസർ Departmentൽ physician Assistantആയി കാൻസർ രോഗത്താൽ ബാധിക്കപ്പെട്ട കുഞ്ഞുങ്ങൾക്കുവേണ്ടി ജോലി ചെയ്തുവരുന്നു.

**കൊള്ളാം.... നിങ്ങൾ ആഗ്രഹിച്ചതുപോലെ കർത്താവ് മെഡിസിൻ പഠിപ്പിച്ചു, നിങ്ങളെ ഒരു നല്ല ജോലിയിൽ ആക്കി, ഉയർത്തി വച്ചിരിക്കുന്നു. നിന്നെ ഉയർത്തിയ കർത്താവിനുവേണ്ടി നിങ്ങൾ എന്താണ് ചെയ്യുന്നത്?**

ഞാൻ എന്റെ ജന്മനാട്ടിൽ വരുമ്പോൾ, 'യേശു വിടുവിക്കുന്നു' ശുശ്രൂഷയോടൊപ്പം ഗ്രാമ ശുശ്രൂഷ ചെയ്തുകൊണ്ട് യേശുവിന്റെ സ്നേഹം പങ്കിടുന്നു. അതിനുപുറമേ, ഞാൻ എന്റെ ജോലി സമയത്തിന് ശേഷം സുവിശേഷം അറിയിച്ചു വരുന്നു. കൂടാതെ കാൻസർ ബാധിച്ച കുഞ്ഞുങ്ങളോടും മുതിർന്നവരോടും വളരെ സ്നേഹത്തോടെ സംസാരിച്ച് യേശുവിന്റെ സ്നേഹം പ്രകടിപ്പിക്കുമ്പോൾ, അവർ വളരെ സന്തോഷിക്കുന്നു. അത് കാണുമ്പോൾ എനിക്കും വളരെ സന്തോഷമാണ്.



**കുട്ടിക്കാലത്ത് തന്നെ ചില അനുഗ്രഹങ്ങൾ കിട്ടിയില്ലല്ലോ എന്ന് നിങ്ങൾ വിഷമിച്ചിരിക്കാം.... ആ അനുഗ്രഹങ്ങൾ കർത്താവ് നിങ്ങൾക്ക് നൽകിയോ? കർത്താവ് നൽകിയ അനുഗ്രഹങ്ങളിൽ ചിലത് പറയാമോ?**

ഞാൻ കുട്ടിക്കാലത്ത് താമസിച്ചിരുന്ന വീട് വളരെ ചെറിയ വീടായിരുന്നു. മഴക്കാലത്ത് വളരെ കഷ്ടപ്പെടും. പക്ഷേ ഇപ്പോൾ യേശു എനിക്ക് നല്ല വീട് നൽകിയിരിക്കുന്നു. കൊറോണയുടെ സമയത്ത് പല സ്ഥലങ്ങളിലും നടന്നുപോയി ചികിത്സ ചെയ്തുവന്നു. അപ്പോൾ Second hand കാർ വാങ്ങുവാൻ ആലോചിച്ചപ്പോൾ, യേശു എനിക്ക് പുതിയ കാർ നൽകി അനുഗ്രഹിച്ചു. ചെറുപ്പം മുതൽ വിദേശത്ത് പോകണമെന്ന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ 'നമുക്ക് പോകുവാൻ കഴിയുമോ?' എന്ന ചോദ്യം ഉണ്ടായിരുന്നു. എന്നാൽ ജപ്പാനിലെ മെഡിക്കൽ കോൺഫറൻസിൽ പങ്കെടുക്കാൻ കർത്താവ് കൃപ നൽകി.

**യൗവനക്കാരോട് എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?**

ഞാൻ Fail ആയിപ്പോയി, എന്റെ future അവസാനിച്ചു, ഇനി അത്രതന്നെ, വിജയിക്കുവാൻ കഴിയില്ല, ആത്മഹത്യ ചെയ്യാം എന്ന് ചിന്തിച്ചാൽ, ഒരിക്കലും വിജയിക്കുവാൻ കഴിയില്ല. നമ്മൾ നേരിടുന്ന പരാജയമല്ല നമ്മുടെ ഭാവി തീരുമാനിക്കുന്നത്. നമ്മുടെ സ്വപ്നങ്ങളുടെ പാതയിൽ ധാരാളം പോരാട്ടങ്ങൾ ഉണ്ടാകും. അതിനെ ധൈര്യത്തോടെ നേരിട്ട് മുന്നോട്ട് പോകണമെങ്കിൽ, നമ്മുടെ എല്ലാ ഭയവും മാറ്റിവച്ച് കർത്താവിൽ നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ, യേശു നമ്മുടെകൂടെ ഉണ്ടായിരിക്കുകയും എല്ലാത്തിലും നമ്മെ അനുഗ്രഹിക്കുകയും ചെയ്യും.

പ്രിയ യുവജനങ്ങളെ! ദരിദ്ര കുടുംബത്തിൽ ജനിച്ച് വിക്കി വിക്കി സംസാരിച്ചുകൊണ്ടിരുന്ന സഹോ. ലിയോക്ക് വേണ്ടി അത്ഭുതം ചെയ്ത് ഇന്ന് വലിയൊരു ഡോക്ടറാക്കി മാറ്റുവാൻ കർത്താവിന് കഴിയുമെങ്കിൽ, നിങ്ങളും ഏതോ ഒരു കുറവോടെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതിനാൽ എനിക്ക് പഠിക്കാൻ കഴിയില്ലല്ലോ എന്ന് തളർന്നുപോയിരിക്കുന്നുവോ?

***Dr.* ലിയോയുടെ കൂടെയുണ്ടായിരുന്ന കർത്താവ് നിങ്ങളോടുകൂടെയിരുന്ന് നിങ്ങളുടെ സ്വപ്നം നിറവേറ്റും!**




# ദൃഢനിശ്ചയം



**പ്രിയ യുവ വിജയികൾക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ. വിജയം എന്നത് എളുപ്പത്തിൽ ലഭിക്കുന്ന ഫലമല്ല. വിജയം പ്രാപിക്കുവാൻ മനസ്സിലും ശരീരത്തിലും വലിയ വില കൊടുക്കേണ്ടിവരും. അങ്ങനെ പോരാടുന്നവർക്ക് അത് പ്രാപിക്കുവാൻ കഴിയും. അങ്ങനെ മാനസികമായി പോരാടി വിജയിച്ച ഒരു വിജയിയുടെ ജീവിതയാത്ര നിങ്ങളുടെ മുന്നിൽ....**

ഉത്തർപ്രദേശ് സ്വദേശിയായ രാധിക ഗുപ്ത 1983ൽ പാക്കിസ്ഥാനിൽ ജനിച്ചു. പ്രസവസമയത്ത് ഒരു നഴ്സിന്റെ അശ്രദ്ധ നിമിത്തം കഴുത്തിന് പൊട്ടലുണ്ടാകുകയും, തുടർന്ന് കഴുത്ത് വളയുകയും ചെയ്തു. ഇതുകൂടാതെ രാധികയ്ക്ക കണ്ണിന് തകരാറും ഉണ്ടായിരുന്നു. ഇക്കാരണത്താൽ കുട്ടിക്കാലം മുതൽ പല പരിഹാസങ്ങൾക്കും വിധേയയായി. പിതാവ് ഇന്ത്യൻ വിദേശകാര്യ വകുപ്പിൽ ആയിരുന്നതിനാൽ നാല് ഭൂഖണ്ഡങ്ങളിലെ പല രാജ്യങ്ങളിലും താമസിക്കുകയും, വിവധ സ്കൂളുകളിൽ പഠിക്കുകയും ചെയ്യേണ്ടിവന്നതിനാൽ വ്യത്യസ്ത ചുറ്റുപാടുകളോട് പൊരുത്തപ്പെടുന്നത് വലിയ വെല്ലുവിളിയായിരുന്നു. ടെക്നോളജിയിലും ഫിനാൻസിലും ശക്തമായ താൽപര്യമുള്ള അവൾ സ്കൂളിൽ കഠിനമായി പഠിക്കുകയും പുരോഗതി പ്രാപിക്കുകയും ചെയ്തു. അതിനാൽ പെൻസിൽവാനിയ സർവകലാശാലയിൽ കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗും ഗണിതവും പഠിച്ചു. പ്രശസ്തമായ Wharton കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടി, ജോലിക്ക് സ്വയം തയാറെടുത്തു.

എന്നാൽ ശാരീരിക അവശതകൾ കാരണം 7 തവണ അഭിമുഖത്തിൽ നിരസിക്കപ്പെട്ടു. ഇതുമൂലം കടുത്ത വിഷാദത്തിലായി, ആത്മഹത്യ ചെയ്യുന്ന അവസ്ഥയിലെത്തി. ഈ സാഹചര്യത്തിൽ സ്നേഹിതന്റെ സഹായത്തോടെ മാനസിക ചികിത്സ സ്വീകരിച്ച്, ആത്മഹത്യ ചിന്തയെ ജയിച്ച്, പരിഹസിക്കുന്നവരുടെ മുന്നിൽ ജീവിച്ച് കാണിക്കണം എന്ന് ധൈര്യത്തോടെ മുന്നേറി, ഒടുവിൽ Mckinsey എന്ന കമ്പനിയിൽ ചേർന്നു. പിന്നീട് 2009ൽ തന്റെ ഭർത്താവിനൊപ്പം Forefront Capital Management എന്ന സ്വന്തം സ്ഥാപനം ആരംഭിച്ചു. 2014-ൽ എഡൽവീസ് മ്യൂച്വൽ ഫണ്ട് (Edelweiss Mutual Fund) എന്ന കമ്പനി വളർച്ച കണ്ട് Forefront Capital കമ്പനി അത് വാങ്ങി. കൂടാതെ രാധിക കമ്പനിയുടെ മേലധികാരിയായി. 2017 ൽ, തന്റെ 33-ാം വയസ്സിൽ രാധിക Edelweiss Mutual Fundന്റെ CEO ആയി. 2023 ൽ, കമ്പനിയുടെ മൂല്യം 6,700 കോടി രൂപയിൽ നിന്ന് 1,04,896 കോടി രൂപയായി ഉയർത്തി. JP Morgan Mutual Fund എന്ന മറ്റൊരു വലിയ കമ്പനി വാങ്ങാനും സഹായിച്ചു. രാധികയുടെ ബുദ്ധിപരമായ ആശയങ്ങളും നേതൃത്വവും കാരണം എഡൽവീസ് മ്യൂച്ചൽ ഫണ്ട് വളരെ ജനപ്രിയവും വിജയകരവുമായി മാറി. രാധിക തന്റെ ജീവിതത്തെ ആസ്പദമാക്കി ലിമിറ്റ് ലെസ്സ് (Limitless) എന്ന പുസ്തകം എഴുതിയിട്ടുണ്ട്.

**ഇത് വായിക്കുന്ന ഭാവിയിലെ വിജയികളെ! രാധിക ഗുപ്ത ജീവിതത്തിൽ പല വെല്ലുവിളികൾ നേരിട്ടതുകൊണ്ട് വിജയം കൈവരിക്കുവാൻ സാധിച്ചു. തന്റെ ശാരീരിക അവശതയിൽ ആദ്യം പ്രയാസപ്പെട്ടിരുന്നെങ്കിലും, തക്കസമയത്ത് അതിനെ അതിജീവിച്ച് വിജയം കൈവരിച്ചു. അതുപോലെ, എന്ത് കുറവുകൾ നിങ്ങളിൽ ഉണ്ടെങ്കിലും അതെല്ലാം മാറ്റിവച്ച്, എന്ത് കഴിവാണ് നിങ്ങളിൽ ഉള്ളതെന്ന് കണ്ടുപിടിച്ച്, തടസ്സങ്ങൾ മറികടന്ന് വിജയം പ്രാപിക്കുവിൻ.**

Heart Beat

# എനിക്കായി വരുമോ?



ഞാൻ കോളേജ് പഠനം പൂർത്തിയാക്കി ജോലിക്ക് ശ്രമിച്ചുകൊണ്ടിരിക്കുന്നു. വിദേശത്ത് പോയി ജോലി ചെയ്ത് കുടുംബം പുലർത്തുക എന്നതായിരുന്നു എന്റെ ലക്ഷ്യം. എന്നാൽ ഞാൻ ഒരു യുവജന കൂട്ടായ്മയിൽ പങ്കെടുത്തപ്പോൾ, "ഒരു അടയാളത്തോടെ ദൈവം നിങ്ങളെ ശുശ്രൂഷയ്ക്ക് തിരഞ്ഞെടുത്തിരിക്കുന്നു" എന്ന് ശുശ്രൂഷകൻ എന്നോട് പറഞ്ഞു. കർത്താവ് എന്നെ ശുശ്രൂഷയിലേക്ക് വിളിക്കുന്നതായി അറിഞ്ഞു, പക്ഷേ ആ വിളി ഞാൻ എങ്ങനെ സ്ഥിരീകരിക്കും? വിളിയില്ലാതെ ശുശ്രൂഷയ്ക്ക് പോകുന്നത് ദുഷ്കരമായിരിക്കുമെന്നുള്ളത് എന്റെ കണ്ണുകൊണ്ട് കണ്ടിരിക്കുന്നു. ദൈവം എന്നെ ശുശ്രൂഷയ്ക്ക് വിളിച്ചിരിക്കുന്നു എന്ന വസ്തുത എങ്ങനെ സ്ഥിരീകരിക്കും?

- ജോൺ, കേരളം.

പ്രിയ സഹോദരൻ ജോൺ, നിങ്ങളുടെ കത്തിൽ കർത്താവ് നൽകുന്ന മറുപടിയും, മാർഗനിർദേശം തേടുന്ന ഹൃദയവും എനിക്ക് കാണാൻ കഴിയുന്നു. ജോൺ, ഒരു വശത്ത് വിദേശത്ത് പോയി ജോലി ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നു. മറുവശത്ത്, ദൈവം നിങ്ങളെ കർത്താവിന്റെ ശുശ്രൂഷയ്ക്കുവേണ്ടി വിളിക്കുന്നത് അറിഞ്ഞിരിക്കുന്നു. ജോൺ, ആദ്യം കർത്താവിനെ ശുശ്രൂഷിക്കുന്നത് ഒരു ശ്രേഷ്ഠമായ പ്രവൃത്തിയാണ്. ലോകത്തിലുള്ള ഏതൊരു ഉത്തരവാദിത്തമുള്ള സ്ഥാനവും, ഉയർന്ന ജോലിയും ദൈവത്തിന്റെ ശുശ്രൂഷയ്ക്ക് തുല്യമാകില്ല. അഹരോനെപ്പോലെ തിരഞ്ഞെടുക്കപ്പെടാതെ ഈ ഭാരിച്ച ശുശ്രൂഷ നിവർത്തിക്കാനാവില്ല എന്ന് തിരുവചനം പറയുന്നു.



കർത്താവ് ഒരു വ്യക്തിയെ തന്റെ ഉന്നത ശുശ്രൂഷയിലേക്ക് വിളിക്കുമ്പോൾ തന്നെ, ആ വ്യക്തിക്ക് ആ വിളിയെക്കുറിച്ചുള്ള വ്യക്തത നൽകും. അതുകൊണ്ട് ആദ്യം നിങ്ങൾ മനസ്സിൽ സൂക്ഷിക്കേണ്ടത് ദൈവത്തിന്റെ വിളി അനുസരിക്കുക എന്നതാണ്. എന്നെ വിളിച്ചവൻ എന്നെ നടത്തും എന്ന് വിശ്വസിക്കണം. 'കർത്താവ് എന്നോട് സംസാരിച്ചാൽ, ഉടനെ ഞാൻ ജോലി ഉപേക്ഷിച്ച് കർത്താവിന്റെ വേല ചെയ്യും' എന്ന് പലരും പറയുന്നു. എന്നാൽ അവിശ്വാസം കാരണം അവർ ആ ക്ഷണം മാറ്റിവയ്ക്കും. കർത്താവിന്റെ ഹിതം വചനങ്ങളിലൂടെയോ, ശുശ്രൂഷകന്മാരിലൂടെയോ, സാഹചര്യങ്ങളിലൂടെയോ, അല്ലെങ്കിൽ നേരിട്ടോ കർത്താവിന്റെ ശബ്ദം നമുക്ക് കേൾക്കാം. ഇങ്ങനെ പല വിധത്തിൽ കർത്താവ് തന്റെ ഹിതം വെളിപ്പെടുത്തുന്നു. കർത്താവ് സംസാരിക്കുമ്പോൾ നിങ്ങളുടെ ഉള്ളിൽ വലിയ സമാധാനം ഉണ്ടാകും.

പലപ്പോഴും വിശ്വാസവും ഭയവും തമ്മിൽ വലിയ പോരാട്ടമുണ്ടാകുന്നു. 'ഞാൻ ശുശ്രൂഷയിൽ പോയാൽ എന്റെ കുടുംബത്തെ ആര് പരിപാലിക്കും?', 'എന്റെ മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് എന്റെ കടമയല്ലേ!' എന്ന് പല യൗവനക്കാരും പറയുന്നു. എന്നാൽ, അവിശ്വാസം മനുഷ്യമനസ്സിൽ ആഴത്തിൽ വേരൂന്നിയതുകൊണ്ടാണ് അവർക്ക് വ്യക്തമായ ഒരു തീരുമാനവും എടുക്കാൻ കഴിയാതെ പോകുന്നത്. "നമ്മളാണ് എല്ലാവരെയും സംരക്ഷിക്കുന്നത്" എന്ന ചിന്ത ഉണ്ടാകുന്നു. ദൈവകൃപയില്ലാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല.

ജോൺ ദൈവത്തോട് ഒരു അടയാളം ചോദിക്കുന്നതിൽ തെറ്റില്ല. എന്നാൽ അടയാളം കണ്ടാൽ മാത്രമേ വിശ്വസിക്കൂ എന്ന് പറയുന്നത് തെറ്റാണ്. ഗിദയോൻ ദൈവത്തോട് ഒരു അടയാളം ചോദിച്ചു. കർത്താവും അവന്റെ വിളിയെ സ്ഥിരീകരിക്കുവാൻ, അവൻ ആവശ്യപ്പെട്ടതുപോലെ ചെയ്തു. ദൈവത്തെ കൂടുതൽ സ്നേഹിക്കുകയും, കർത്താവിന്റെ ഇഷ്ടം നിറവേറ്റാൻ ഉത്സാഹിക്കുകയും ചെയ്യുന്നവർ മാത്രമേ കർത്താവിന്റെ പരമമായ വിളി അനുസരിച്ച് ദൈവത്തിനുവേണ്ടി എഴുന്നേറ്റ്



പ്രവർത്തിക്കുകയുള്ളൂ. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ദൈവവിളി അനുസരിക്കുകയും അതിനുവേണ്ടി സ്വയം സമർപ്പിക്കുകയും ചെയ്യുന്ന യൗവനക്കാരുടെ എണ്ണം കുറഞ്ഞുവരികയാണ്. കാരണം, "യേശു എനിക്ക് എന്ത് തരു"മെന്ന് യൗവനക്കാർ പ്രതീക്ഷിക്കുന്നു. പക്ഷേ എന്നെ സൃഷ്ടിച്ച്, തന്റെ ജീവൻ നൽകി എനിക്ക് വലിയ രക്ഷ നൽകിയ യേശുവിന് ഞാനെന്ത് നൽകും?" എന്ന ചിന്ത കുറഞ്ഞുവരികയാണ്.

ജോൺ, നിങ്ങളുടെ പ്രാർത്ഥനാ സമയത്ത് "യേശുവിന്റെ കരങ്ങളിൽ എന്നെ സമർപ്പിക്കുന്നു, ഞാൻ എന്ത് ചെയ്യണമെന്ന് അങ്ങ് ആഗ്രഹിക്കുന്നു?" എന്ന് ചോദിച്ചാൽ നിശ്ചയമായും കർത്താവ് മറുപടി നൽകും. നിങ്ങളെപ്പോലുള്ള യൗവനക്കാർ ആ പരമമായ വിളിയിലേക്ക് എഴുന്നേറ്റാൽ മാത്രമേ രാജ്യം ദൈവത്തെ കണ്ടുമുട്ടുകയുള്ളൂ. വില്യം കാരി, ഡേവിഡ് ലിവിംഗ്സ്റ്റൺ, സ്വാറ്റ്സ്, റീനിയസ്, കാൾഡ്വെൽ തുടങ്ങിയ മിഷനറിമാർ അവരുടെ ദൈവവിളി മനസ്സിലാക്കി, തങ്ങളുടെ സ്വന്തം രാജ്യത്തെയും, ജനത്തെയും, സ്വദേശവും, പദവിയും, സ്വത്തുക്കളും, ശ്രേഷ്ഠതയും ഉപേക്ഷിച്ച് യേശുവിന്റെ സ്നേഹം വെളിപ്പെടുത്താൻ ഇന്ത്യയിലേക്ക് വന്നു.

***Now it's our turn John, to arise and share the Good News to the people of India***

**പ്രാർത്ഥിച്ച് ധൈര്യത്തോടെ പ്രവർത്തിക്കുവിൻ!**

**ദൈവത്തിന്റെ കരം നിങ്ങളോടുകൂടെ ഉണ്ടായിരിക്കും!**



# ദാനിയേലിന്റെ പ്രാർത്ഥന



**പ്രിയപ്പെട്ട യൗവനക്കാർക്ക് കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹാശംസകൾ! കഴിഞ്ഞ മാസത്തെ പംക്തിയിൽ ദാനിയേലിനെക്കുറിച്ച് പല കാര്യങ്ങളും ധ്യാനിച്ചു. കഴിഞ്ഞ പംക്തിയിൽ, ദാനിയേൽ 3 പ്രാവശ്യം പ്രാർത്ഥിച്ചതിനാൽ, തന്നെതന്നെ കളങ്കപ്പെടുത്താതിരുന്നതും, അദ്ദേഹത്തിന്റെ വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയെക്കുറിച്ചും, ദാനിയേലിന് പ്രാർത്ഥിക്കുന്ന സ്നേഹിതർ ഉണ്ടായിരുന്നതിനാൽ, പരീക്ഷണ സമയത്ത് നിഷ്പ്രയാസം വിജയം പ്രാപിച്ചതും നാം കണ്ടു. തുടർന്ന് ഈ ലേഖനത്തിൽ ദാനിയേലിന്റെ പ്രാർത്ഥനയാൽ ഉണ്ടായ ഫലങ്ങൾ കാണാം.**

ദാര്യാവേശ് രാജാവ് വിരോധകല്പന എഴുതിയിരിക്കുന്നു എന്ന് അറിഞ്ഞപ്പോൾ, ദാനിയേൽ തന്റെ വീട്ടിൽ ചെന്നു മാളികമുറിയുടെ കിളിവാതിൽ യെരൂശലേമിനു നേരേ തുറന്ന് വച്ച്, താൻ മുമ്പേ ചെയ്തുവന്നതുപോലെ ദിവസവും മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു (ദാനി. 6:10).



'ദാനിയേൽ ദിവസവും മൂന്ന് പ്രാവശ്യം മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്നതായി' വേദപുസ്തകത്തിൽ വ്യക്തമായി പറയുന്നു. ദാനിയേൽ മുട്ടുകുത്തി പ്രാർത്ഥിച്ച്, സ്തോത്രം പറഞ്ഞു. അവനിൽ പ്രാർത്ഥനയും സ്തോത്രവും ഉണ്ടായിരുന്നു. അവൻ പ്രാർത്ഥിച്ചു കഴിഞ്ഞ്, 'എന്റെ പ്രാർത്ഥന കേട്ടതിനായി ഞാൻ അങ്ങയെ സ്തുതിക്കുന്നു. ഞാൻ പ്രാർത്ഥിച്ചതുപോലെ ഈ ദേശത്തിൽ സംഭവിക്കുവാൻ പോകുന്നതിനാൽ അങ്ങേയ്ക്ക് സ്തോത്രം' എന്നു പറഞ്ഞ് കർത്താവിനെ സ്തുതിച്ച് സ്തോത്രം ചെയ്ത് പ്രാർത്ഥന അവസാനിപ്പിച്ചു.

ദാനിയേലിന്റെ പ്രാർത്ഥന വളരെ ക്രമവും ഗൗരവവും ഉള്ളതായിരുന്നു. അതുപോലെ, നമ്മുടെ പ്രാർത്ഥനയിലും സ്തോത്രവും, അപേക്ഷയും

ഉണ്ടായിരിക്കണം. സ്തുതിയിൽ നിങ്ങളുടെ വിശ്വാസം വെളിപ്പെടുത്തണം. നാമും ദാനിയേലിനെ പോലെ മുട്ടുകുത്തി നിന്ന് പ്രാർത്ഥിക്കുവാൻ ശീലിക്കണം. നമ്മുടെ മുട്ടുകളിൽ തഴമ്പ് ഉണ്ടാകണം. ദാനിയേൽ അങ്ങനെ ചെയ്തതുകൊണ്ട്, അവന്റെ പ്രാർത്ഥന ശക്തിയേറിയതായിരുന്നു.

ആ രാജ്യത്തിലെ അധികാരികൾ ദാനിയേലിനെതിരെ എഴുന്നേറ്റു, "അന്യദേശത്ത് നിന്നുള്ള ഈ മനുഷ്യൻ നമ്മുടെ രാജ്യത്ത് ഒന്നാം സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു, അവനെ നശിപ്പിക്കണം" എന്ന് ചിന്തിച്ചു. ദാനിയേലിനെതിരെ എന്ത് കുറ്റം കണ്ടെത്താനാകും എന്നറിയാൻ അവർ ദാനിയേലിന്റെ ജീവിതത്തിലേക്ക് ശ്രദ്ധിച്ചു നോക്കി. എന്നാൽ അവർക്ക് ഒരു കുറ്റവും കണ്ടെത്താൻ കഴിഞ്ഞില്ല. എന്തെന്നാൽ, രാജാവ് നൽകിയ ചുമതലയിൽ ദാനിയേൽ വിശ്വസ്തനായിരുന്നു.



ഇന്ന് പല ക്രൈസ്തവരും തങ്ങളുടെ ജോലി സമയങ്ങളിൽ വിശ്വസ്തതയോടെ പ്രവർത്തിക്കാതെ,

അവിശ്വസ്തതയോടിരിക്കുകയും , സ്വയം പരിശുദ്ധാത്മാവിൽ നിറഞ്ഞ്, അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്താലും, അവരുടെ പ്രാർത്ഥനകൾക്ക് പിശാച് യാതൊരു ഇടർച്ചയും വരുത്തുകയില്ല. അസത്യവാദികളുടെ പ്രാർത്ഥനകൾക്ക് യാതൊരു ശക്തിയുമുണ്ടാകില്ല. നിങ്ങളുടെ പ്രാർത്ഥനയിൽ മനോഹരമായ, അലങ്കാര വാക്കുകൾ അടങ്ങിയിരുന്നാലും, വാക്ചാതുര്യത്തോടെ പ്രാർത്ഥിച്ചാലും പിശാച് അതിനെ ഭയപ്പെടുന്നില്ല! മറിച്ച്, സത്യസന്ധമായും, നീതിയോടും ജീവിക്കുന്നവരുടെ പ്രാർത്ഥനയെ പിശാച് ഭയപ്പെടുന്നു.

ദാനിയേലിനോടുകൂടെ അനേകം യഹൂദന്മാരെയും ബാബിലോൺ ദേശത്ത് അടിമകളായി കൊണ്ടുവന്നു. അവർ എല്ലാവരും തീർച്ചയായും പ്രാർത്ഥിച്ചിരിക്കും. എല്ലാ യഹൂദർക്കും പ്രാർത്ഥിക്കുന്ന ശീലം ഉണ്ടായിരുന്നിരിക്കാം. എന്നാൽ അവരുടെ പ്രാർത്ഥന പിശാചിനെ ഭയപ്പെടുത്തിയില്ല. പക്ഷേ ദാനിയേൽ, ശദ്രക്, മേശക്, അബേദ്നഗോ എന്നിവരുടെ സാക്ഷ്യജീവിതം ചരിത്രത്തെ മാറ്റിമറിച്ചു.

ദാനിയേലിന് വിരോധമായി പിശാച്, ഈ നിയമം കൊണ്ടുവരാൻ കാരണമെന്താണ്?


ദാനിയേലിന്റെ പ്രാർത്ഥന നിമിത്തം, പിശാചിന് ബാബിലോണിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. ദാനിയേലിന്റെ പ്രാർത്ഥന, പിശാചിനെ വിറപ്പിച്ചു. ആ പ്രാർത്ഥന പിശാചിന്റെ ഭരണത്തിന് അന്ത്യം കുറിച്ചു. അതുവരെ ബാബിലോണിൽ ഭരിച്ചിരുന്ന പിശാചിന് ഇപ്പോൾ അവിടെ പ്രവർത്തിക്കുവാൻ കഴിയുന്നില്ല. ദാനിയേൽ എല്ലാ ദിവസവും രാജാവിനുവേണ്ടി പ്രാർത്ഥിച്ചതുകൊണ്ട്, പിശാചിന് രാജാവിന്മേൽ ആധിപത്യം വയ്ക്കാൻ കഴിഞ്ഞില്ല. ദാനിയേലിന്റെ പ്രാർത്ഥന തടയുവാൻ പിശാച് ആ നിയമം കൊണ്ടുവന്നു. അതും വെറും 30 ദിവസത്തേക്ക് മാത്രം.

തന്റെ പ്രാർത്ഥനയ്ക്കെതിരെ പിശാച് എഴുന്നേറ്റു എന്ന് തിരിച്ചറിഞ്ഞ ദാനിയേൽ , ഭയന്ന് ഓടുകയോ, പ്രാർത്ഥന അവസാനിപ്പിക്കുകയോ ചെയ്യാതെ, ധൈര്യത്തോടെ പതിവുപോലെ 3 പ്രാവശ്യം പ്രാർത്ഥിച്ചു. ആ പ്രാർത്ഥന നിമിത്തം പിശാചിന് ആ ദേശത്ത് പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. കർത്താവിനെ മാത്രം ഭയപ്പെടുകയും കർത്തൃസന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥിക്കുകയും ചെയ്യുന്ന പ്രാർത്ഥനാ പോരാളികൾ ഒന്നിനെയും, ആരെയും ഒരിക്കലും ഭയപ്പെടുകയില്ല.

**പ്രിയപ്പെട്ട യൗവനക്കാരെ! ഈ ഉണർവിന്റെ നാളുകളിൽ ജീവിക്കുന്ന നിങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ദാനിയേൽമാരാണ്. നിങ്ങളുടെ പ്രാർത്ഥന പിശാചിന്റെ രാജ്യത്തെ ബാധിക്കണം. അവന്റെ അടിത്തറ ഇളക്കി, അവന്റെ കോട്ട തകർക്കണം. ആകാശ മണ്ഡലങ്ങളിൽ അലഞ്ഞുതിരിയുന്ന ദുരാത്മാക്കൾക്കിടയിൽ ആശയക്കുഴപ്പവും കലക്കവും ഉണ്ടാകാൻ നിങ്ങൾ പ്രാർത്ഥിക്കണം. ദാനിയേലിനെപ്പോലെ നിങ്ങൾ നടത്തുന്ന ധീരതയോടുള്ള പ്രാർത്ഥനയാണ്, നമ്മുടെ രാജ്യത്തിൽ തീവ്രമായി ഉണർവ് പരത്തുന്നത്. നിങ്ങളുടെ പ്രാർത്ഥനയെ മറികടന്ന് ഒന്നും സംഭവിക്കാൻ അനുവദിക്കരുത്. അത്തരത്തിൽ തീക്ഷ്ണതയോടെ പ്രാർത്ഥിക്കുവാൻ സമർപ്പിക്കുവിൻ. കർത്താവ് നിങ്ങളിലൂടെ രാജ്യങ്ങളെ ഇളക്കും!!**



# കാലതാമസം എന്തുകൊണ്ട്?



നമ്മുടെ ജീവിതത്തിലെ ചില കാലതാമസങ്ങൾ സന്തോഷവും, ചില കാലതാമസങ്ങൾ നമ്മുടെ ഹൃദയത്തിന് കയ്പേറിയതും വേദനാജനകവുമാണ്. തന്റെ തവിട്ടുനിറത്തിലുള്ള സുന്ദരമായ കണ്ണുകൾ നീലക്കണ്ണുകളായി മാറണമെന്ന് എമി കാർമൈക്കൽ വർഷങ്ങളോളം പ്രാർത്ഥിച്ചു. പക്ഷേ ദൈവത്തിന്റെ മറുപടി വൈകി. വർഷങ്ങൾക്ക് ശേഷം കാർമൈക്കൽ ഒരു മിഷനറിയായി ഇന്ത്യയിൽ വന്നപ്പോൾ, ഇന്ത്യൻ പെൺകുട്ടികൾ, സ്ത്രീകൾ, എല്ലാവരുടെയുടെയും കണ്ണുകൾ തവിട്ട് നിറമായിരിക്കുന്നത് കണ്ടു. ഇത് കണ്ടപ്പോൾ അവർക്ക് വളരെ സന്തോഷമുണ്ടായി. കുട്ടിക്കാലത്ത് ദൈവം എന്റെ പ്രാർത്ഥനയ്ക്ക് മറുപടി നൽകാതിരുന്നതിന്റെ രഹസ്യം ഇന്ത്യയിൽ വന്നതിന് ശേഷമാണ് അവർക്ക് മനസ്സിലായത്.

ദൈവം ചില പ്രാർത്ഥനകൾക്ക് ഉത്തരം നൽകാൻ വൈകിയാൽ, അതിൽ കർത്താവിന്റെ ശാശ്വത തീരുമാനവും അനുഗ്രഹവും ഉണ്ടായിരിക്കുമെന്ന് നാം മറക്കുവാൻ പാടില്ല. " സഹിഷ്ണുത കാണിച്ചവരെ നാം ഭാഗ്യവാന്മാർ എന്നു പുകഴ്ത്തുന്നു. യോബിന്റെ സഹിഷ്ണുത നിങ്ങൾ കേട്ടും കർത്താവ് വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു" (യാക്കോബ് 5:11). കർത്താവ് നമ്മുടെ പ്രാർത്ഥനയ്ക്കും പ്രയത്നത്തിനും മറുപടി നൽകാതെ താമസിക്കുമ്പോൾ ക്ഷമയോടെയിരിക്കേണ്ടത് പ്രധാനമാണ്.

പൊതുവായി മനുഷ്യജീവിതത്തിൽ ദൈവത്തിന്റെ വാഗ്ദത്തം വൈകുമ്പോൾ, മടുപ്പും, വെറുപ്പും ഉണ്ടാവുകയും, ദൈവത്തിൽ നിന്ന് പിന്നോട്ട് പോകാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ പദ്ധതികളും ദർശനങ്ങളും ഒരിക്കലും വൈകുന്നില്ലെന്ന് ആരും മനസ്സിലാക്കുന്നില്ല. ദൈവത്തിന്റെ പദ്ധതി മനസ്സിലാക്കി പ്രവർത്തിക്കുന്നവരെ ദൈവം ഒരിക്കലും കൈവിടുകയില്ല. നമ്മൾ ആഗ്രഹിക്കുന്നത് നേടാനോ, എന്തെങ്കിലും ഒരു കാര്യം ചെയ്യാൻ ശ്രമിക്കുമ്പോഴോ കാലതാമസം ഉണ്ടാകാം. അതിനെ ഓർത്ത് വിഷമിക്കാതെ, കർത്താവിൽ വിശ്വസിച്ച് നടക്കുമ്പോൾ നമുക്ക് വിജയത്തിലേക്ക് കടക്കുവാൻ കഴിയും.



**യോസേഫിന്റെ ജീവിതത്തിൽ ദൈവത്തിന്റെ പദ്ധതി പൂർത്തീകരിക്കാൻ വർഷങ്ങളെടുത്തു. കാത്തിരിപ്പിന്റെ നാളുകളിൽ അവന്റെ ജീവിതം നഷ്ടങ്ങളും, പോരാട്ടങ്ങളും, അപമാനങ്ങളും, നിരാശകളും,അനീതികളും നിറഞ്ഞതായിരുന്നു. അവന്റെ സ്വപ്നത്തിന് യഥാർത്ഥ ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത സാഹചര്യമായിരുന്നു. പ്രതികൂല സമയങ്ങളിൽ, കർത്താവ് അവനോടെകൂടെയിരുന്ന് ദർശനം നിറവേറ്റുന്നതിനുവേണ്ടി പോത്തിഫറിന്റെ ഭവനത്തിലും, തടവറയിലും യോസേഫിനെ രൂപാന്തരപ്പെടുത്തി. കർത്താവിന്റെ സമയം വന്നപ്പോൾ, കർത്താവ് അവനെ ഈജിപ്തിലെ കൊട്ടാരത്തിൽ കൊണ്ടുപോയി, ദൈവത്തിന്റെ പദ്ധതി നിറവേറ്റി.**

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ പ്രതീക്ഷിച്ച ജോലി, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ കാര്യങ്ങൾ നിറവേറപ്പെടാതെ വൈകുന്നുണ്ടാകാം, അതുകണ്ട് തളരുകയും, അസ്വസ്ഥരാകുകയും ചെയ്യരുത്. കാലതാമസം ഉണ്ടാകുമ്പോൾ ഭാരപ്പെടാതെ കർത്താവ് നൽകിയിരിക്കുന്ന വാഗ്ദത്തം മുറുകെ പിടിച്ച്, ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കാൻ ദൈവം നിങ്ങളെ യോഗ്യനാക്കുന്നുവെന്ന് ദൈവത്തിൽ വിശ്വസിച്ച്, യോസേഫിനെപ്പോലെ കർത്താവിന്റെ സമയത്തിനായി കാത്തിരിക്കുവിൻ. നിശ്ചയമായും ഒരു ദിവസം കർത്താവ് അരുളിച്ചെയ്തത് നിറവേറ്റും.

ചില സമയങ്ങളിൽ, നാം ശുശ്രൂഷയുടെ വിളി സ്വീകരിക്കുന്നതിനും മുന്നോട്ട് പോകുന്നതിനും വെകിയേക്കാം. അത്തരം സമയങ്ങളിൽ നാം വിശ്വാസത്തിൽ ക്ഷീണിക്കുകയും, നമ്മുടെ വിളിയെ സംശയിക്കുകയും, പിന്മാറിപ്പോകുകയും ചെയ്യും. എന്നാൽ, ദൈവത്തിൽ വിശ്വസിക്കുന്ന മക്കളുടെ ജീവിതത്തിൽ കാലതാമസം മാത്രമല്ല, എല്ലാം നന്മയ്ക്കായി സംഭവിക്കുന്നു. അതുകൊണ്ട് നാം ഇടറിപ്പോകേണ്ട ആവശ്യമില്ല.

**നോക്കൂ, നെഹെമ്യാവിന്റെ ഹൃദയത്തിലുണ്ടായ താൽപര്യം രാജാവുമായി പങ്കുവയ്ക്കാൻ നെഹെമ്യാവിന് ഏതാനും മാസങ്ങൾ വേണ്ടി വന്നു. എന്നാലും, ആ വിശ്വാസം തെറ്റായിരുന്നില്ല. നെഹെമ്യാവിന്റെ മുഖത്ത് പ്രകടമായ സങ്കടം അവന്റെ ഹൃദയത്തിന്റെ സങ്കടമാണെന്ന് കർത്താവ് രാജാവിന് വെളിപ്പെടുത്തി. തൽ ഫലമായി, നെഹെമ്യാവ് രാജാവിന്റെ പ്രീതി നേടി. കർത്താവ് നടപടി എടുക്കുംമുമ്പ്, നെഹെമ്യാവ് രാജാവിന്റെ അടുത്തേക്ക് തിടുക്കത്തിൽ ചെന്നിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു?**

**നെഹെമ്യാവിന്റെ ജീവിതത്തിൽ മാത്രമല്ല, ദൈവവിളി ലഭിച്ച അനേകരുടെ ജീവിതത്തിലും ഈ കാലതാമസം നാം കാണുന്നു. അത്തരം സന്ദർഭങ്ങളിൽ, കർത്താവിൽ വിശ്വസിക്കുന്ന കുഞ്ഞുങ്ങൾക്ക്, കർത്താവ് സമീപസ്ഥനായിരിക്കും. കർത്താവ് താമസിച്ചാലും കൈവിടുകയില്ല. അതുകൊണ്ട് കർത്താവ് നമ്മുടെ ഹൃദയത്തിൽ നൽകിയ ദർശനം വൈകിയാലും, വിശ്വാസത്തിലും, പ്രത്യാശയിലും നാം മടുത്തുപോകരുത്. പ്രാർത്ഥനയോടെ നമുക്ക് കർത്താവിനെ മുറുകെ പിടിക്കാം.**



"ദർശനത്തിന് ഒരു അവധിവച്ചിരിക്കുന്നു; അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അത് വൈകിയാലും അതിനായി കാത്തിരിക്ക; അതു വരും നിശ്ചയം; താമസിക്കയുമില്ല" (ഹബക്കൂക് 2:3). കർത്താവിന്റെ ഹിതം വൈകുന്നില്ല. അത് തക്കസമയത്ത് നിറവേറും. ജീവിതത്തിൽ പ്രയാസകരമായ സാഹചര്യത്തിലൂടെ കടന്നുപോയ യോസേഫ്, ദാവീദ്, നെഹെമ്യാവ്, അബ്രഹാം തുടങ്ങിയവർ അവരുടെ സാഹചര്യം കണ്ട് കർത്താവിനെ വെറുക്കാതെയും, കർത്താവിനെവിട്ട് മാറാതെയും "താമസം എന്ത്?" എന്ന് ചോദ്യങ്ങൾ ചോദിക്കാതെയും ഇരുന്നതിനാൽ, കർത്താവ് അവരോടുകൂടെയിരുന്ന് അനുഗ്രഹിച്ചു. "ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്ക് ആവശ്യം" (എബ്രാ. 10:36).

**എന്റെ പ്രിയപ്പെട്ട യൗവനക്കാരെ, നിങ്ങളോടുള്ള എന്റെ ഉപദേശം എന്തെന്നാൽ, നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന കാലതാമസത്തെ ഓർത്ത് ഭാരപ്പെടാതെ, യേശുവിനെ വിശ്വസിച്ച് ക്ഷമയോടെ കാത്തിരിക്കുവിൻ.**

**"താഴ്മയുള്ളവർക്കോ കൃപ നൽകുന്നു. അതുകൊണ്ട് അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താണിരിപ്പിൻ". (1 പത്രൊസ് 5:6).**

**കർത്താവ് തീർച്ചയായും നിങ്ങളെ അനുഗ്രഹിച്ച് ഉയർത്തും!**



# ട്രെയിൻ യാത്ര

ഭാഗം - 7



തിങ്കളാഴ്ച വൈകുന്നേരം താമ്രാം - ബീച്ചിലേക്കുള്ള ട്രെയിനിൽ ആൻഡ്രു വിഘ്നേഷിനെ കാണാൻ കാത്തിരുന്നപ്പോൾ... വിഘ്നേഷ്, ആൻഡ്രു ഇരിക്കുന്ന കമ്പാർട്ട്മെന്റിലേക്ക് വന്നു.

**വിഘ്നേഷ്:** (മുഖത്ത് ചിരിയോടും, ആശ്വാസത്തോടും) ആൻഡ്രൂ, നീ പറഞ്ഞതുപോലെ എന്റെ ജോലിക്ക് ഒന്നും സംഭവിച്ചില്ല... അവസാന നിമിഷം ഞാൻ ഇതുവരെ ചെയ്ത ജോലികൾ നോക്കിയതിനുശേഷം , എന്നോട് ജോലി തുടരുവാൻ പറഞ്ഞു.....

**ആൻഡ്രു:** Thank you Jesus എന്ന് സന്തോഷത്തോടെ പറഞ്ഞു.

**വിഘ്നേഷ്:** എനിക്കുവേണ്ടി prayer ചെയ്തതിനായി thanks ആൻഡ്രു.

**ആൻഡ്രു:** എനിക്ക് thanks പറയുന്നതിന് പകരം.... നീ യേശുവിനോട് നന്ദി പറയണം.

**വിഘ്നേഷ്:** ( നിശബ്ദനായി തലയാട്ടി ) ... ശരി ടാ.

**ആൻഡ്രു :** വിഘ്നേഷ് ലോകത്തിൽ നടക്കുന്ന കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ നടക്കുമ്പോൾ മാത്രമേ അതിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാവുകയുള്ളൂ.

**വിഘ്നേഷ്:** അതെ ആൻഡ്രു, എത്രയോ പേർക്ക് ജോലി നഷ്ടപ്പെട്ടു എന്ന് വാർത്തകളിൽ കേട്ടപ്പോഴും എനിക്ക് അത് മനസ്സിലായിരുന്നില്ല, അതിലുപരിയായി എന്റെ കമ്പനിയിൽ പലർക്കും ജോലി നഷ്ടപ്പെട്ടു.. അന്നും എനിക്ക് അതിന്റെ വേദന മനസ്സിലായില്ല... എന്നാൽ ഈ 2 ദിവസംകൊണ്ട് എനിക്കത് മനസ്സിലാക്കുവാൻ കഴിഞ്ഞു.

**ആൻഡ്രു:** നിന്നോട് മറ്റൊരു ഞെട്ടിക്കുന്ന വാർത്ത പറയട്ടെ...

**വിഘ്നേഷ്:** എന്താടാ? ഞെട്ടിക്കുന്ന വാർത്തയോ പറയ്...










**ആൻഡ്രൂ:** ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ നമീബിയ രാജ്യത്തിൽ ഭക്ഷണത്തിന്റെ അഭാവം മൂലം, ആ രാജ്യത്തെ സർക്കാർ അവരുടെ രാജ്യത്തിലെ 700 വന്യമൃഗങ്ങളെ കൊല്ലാൻ പോകുന്നു. അതിൽ 150 മൃഗങ്ങൾ കൊല്ലപ്പെട്ടിരിക്കുന്നു.

**വിഘ്നേഷ്:** ഇതൊക്കെ എപ്പോൾ സംഭവിച്ചു?

**ആൻഡ്രൂ:** കഴിഞ്ഞ കുറച്ച് നാളുകളായി ലോകം ഇതിനെക്കുറിച്ചാണ് സംസാരിക്കുന്നത്....

**വിഘ്നേഷ്:** ഇങ്ങനെ വന്യമൃഗങ്ങളെ കൊന്ന് തിന്നുന്ന തരത്തിൽ എത്തുന്നതുവരെ സർക്കാർ എന്ത് ചെയ്തുകൊണ്ടിരുന്നു?... (ആശങ്കയോടെ ചോദിച്ചു)

**ആൻഡ്രൂ:** സർക്കാരിനെ മാത്രം കുറ്റപ്പെടുത്താൻ കഴിയില്ല...

**വിഘ്നേഷ്:** അപ്പോൾ എന്താണ് കാരണം?

**ആൻഡ്രൂ:** നമീബിയയിൽ, കഴിഞ്ഞ കുറച്ച് വർഷങ്ങളായി മഴയുടെ അഭാവം വൻകിട കൃഷിയെ സാരമായി ബാധിക്കുകയും, ഭക്ഷ്യോത്പാദനം നിലയ്ക്കുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനം, എൽ നിനോ തുടങ്ങിയവയാണ് ഇതിന് കാരണമായിരിക്കുന്നത്.....

**വിഘ്നേഷ്:** ഇതുമൂലം എത്ര പേർ ബാധിക്കപ്പെട്ടിരിക്കുന്നു?

**ആൻഡ്രൂ:** രാജ്യത്തിന്റെ ജനസംഖ്യയുടെ പകുതി പേർ അതായത്, ഏകദേശം 14 ലക്ഷം ആളുകൾ എന്നാണ് പറയുന്നത്. കഴിഞ്ഞ 100 വർഷത്തിനിടെ ഇല്ലാത്ത ഏറ്റവും വലിയ വരൾച്ചയാണിതെന്ന് പറയപ്പെടുന്നു.

**വിഘ്നേഷ്:** നമ്മുടെ അവസ്ഥ എത്രയോ ഭേദം... ഇതിന് എന്താണ് പരിഹാരം?

**ആൻഡ്രൂ:** അമേരിക്ക, ജപ്പാൻ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങൾ സഹായിക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്. എന്നാൽ ഇതിൽ എങ്ങനെ മാറ്റം കൊണ്ടുവരുമെന്ന് കാലത്തിന് മാത്രമേ പറയാനാകൂ.

**വിഘ്നേഷ്:** എന്തെങ്കിലും നല്ലത് നടന്നാൽ മതി.

**ആൻഡ്രൂ:** അന്ത്യകാലത്ത് ഇത്തരം ക്ഷാമങ്ങൾ ഉണ്ടാകുമെന്ന് വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. ഇതിൽ നിന്ന് രക്ഷപ്പെടാനുള്ള ഏക വഴി യേശുക്രിസ്തു മാത്രമാണ്. ശരി, ഇതെല്ലാം വിടൂ... യേശു നിനക്ക് നന്മ ചെയ്തിരിക്കുന്നു, അടുത്ത ആഴ്ചയും നീ Church ൽ വരണം.

**വിഘ്നേഷ്:** എനിക്ക് വരാൻ താൽപര്യമുണ്ട്.... പക്ഷേ അവിടെ നടക്കുന്നതൊന്നും എനിക്ക് മനസ്സിലാകുന്നില്ല. ശരി... നീ പറഞ്ഞതുകൊണ്ട് വരാം. എന്നാൽ പുറത്ത് മാത്രമേ ഇരിക്കുകയുള്ളൂ.

**ആൻഡ്രൂ:** നിന്റെ ഇഷ്ടം.... എന്നാലും തീർച്ചയായും വരണം.

(ഇത്രയും വലിയ മാറ്റം വന്നതുതന്നെ വലിയ കാര്യമാണ് എന്ന് ആൻഡ്രൂ ചിന്തിച്ചു)

അവരുടെ സംഭാഷണം തുടരും.....

കേരള സംസ്ഥാനം - ഇടുക്കി ജില്ലയിൽ....

**യുവജന ഉണർവ് കൂട്ടായ്മ**

**തിയതി: നവംബർ 16, (ശനിയാഴ്ച)**
**സമയം: രാവിലെ 10 മണി മുതൽ**
**ഉച്ചയ്ക്ക് 2 മണി വരെ**

**സ്ഥലം:**
***LIBRARY HALL***
***PALLIKKUNNU***

**ദൈവദൂത്: സഹോ. സതീഷ്കുമാർ**




ബന്ധപ്പെടുവാൻ: 89210 30029 / 99471 06507

# വീരനായ തിമൊഥെയൊസ്

ഭാഗം - 10





**Hi friends, എങ്ങനെയിരിക്കുന്നു? നിങ്ങൾക്കെല്ലാവർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹവന്ദനം. ഈ മാസത്തെ പരമ്പരയിലൂടെ നിങ്ങളെ വീണ്ടും കാണുന്നതിൽ വളരെ സന്തോഷമായിരിക്കുന്നു. ഇതുവരെ നാം തിമൊഥെയൊസിന്റെ പശ്ചാത്തലം,അവന്റെ ശുശ്രൂഷ, അവൻ നേരിട്ട വെല്ലുവിളികൾ, ക്രിസ്തുവിനോടുള്ള സ്തുത്യർഹമായ തീക്ഷ്ണത, അവൻ എഴുതിയ ലേഖനങ്ങൾ എന്നിവ കണ്ടു.**

ഒരു സാധാരണ യൗവനക്കാരൻ ലോകത്തെ വിറപ്പിക്കുന്ന ശുശ്രൂഷകനായി മാറാൻ നേതൃത്വസ്ഥാനം വഹിക്കാൻ ഒരാൾ വേണ്ടതല്ലേ? പൗലൊസ് തിമൊഥെയൊസിന് ഒരു നല്ല ഉപദേഷ്ടാവായിരുന്നു. തനിക്ക് ശേഷം ആടുകളെ നയിക്കാൻ ഒരു നല്ല ശുശ്രൂഷകനെ വളർത്തിയെടുക്കുക എന്നതാണ് ഒരു നല്ല യജമാനന്റെ ലക്ഷണം. മോശെ യോശുവയെ തന്റെ പിൻഗാമിയാക്കിയതുപോലെ പൗലൊസ് തിമൊഥെയൊസിനെ തന്റെ പിൻഗാമിയാക്കി എന്നതിൽ സംശയമില്ല.

ഈ പരമ്പരയിൽ പൗലൊസും തിമൊഥെയൊസും തമ്മിലുള്ള മനോഹരമായ ആത്മീയ ബന്ധത്തെക്കുറിച്ച് നമുക്ക് നോക്കാം. വരുവിൻ പരമ്പരയിലേക്ക് പോകാം.

### അപ്പനും മകനും തമ്മിലുള്ള ബന്ധം

"അവനോ മകൻ അപ്പനു ചെയ്യുന്നതുപോലെ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ സേവ ചെയ്തു എന്നുള്ള അവന്റെ സിദ്ധത നിങ്ങൾ അറിയുന്നുവല്ലോ" (ഫിലി. 2:22).

പൗലൊസിന്റെ മരണംവരെ തിമൊഥെയൊസ് അദ്ദേഹത്തിന് ഒരു മകനെപ്പോലെയായിരുന്നു. അവർ രണ്ടുപേരും തമ്മിലുള്ള ബന്ധം ഒരു പിതാവും മകനും പോലെയായിരുന്നു. "നിങ്ങളെ സംബന്ധിച്ചു പരമാർഥമായി കരുതുവാൻ തുല്യചിത്തനായി എനിക്കു മറ്റാരുമില്ല" എന്ന് പൗലൊസ് തിമൊഥെയൊസിനെക്കുറിച്ച് ഫിലിപ്പിയർ 2:20ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഒരു കുഞ്ഞിന് പിതാവിന്റെ ഗുണം ഉണ്ടാകുമെന്ന് ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. തന്റെ ആത്മീയ പിതാവായ പൗലൊസിനെപ്പോലെ, അവൻ കർത്താവിനെ ഭയപ്പെട്ട്, തനിക്ക് നൽകപ്പെട്ട എല്ലാ ശുശ്രൂഷകളിലും വിശ്വസ്തനായിരിക്കണമെന്ന ആത്മാർത്ഥതയും, ജനങ്ങളെക്കുറിച്ച് അറിയുവാനുള്ള ഉത്സാഹവും തിമൊഥെയൊസിന് ഉണ്ടായിരുന്നതായി നമുക്ക് കാണാൻ കഴിയും.

നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ പൗലൊസിനും, തിമൊഥെയൊസിനും വളരെ വലിയ പ്രായവ്യത്യാസം ഉണ്ടായിരുന്നു. എപ്പോഴും യൗവനക്കാർ യൗവനക്കാരോട് ചങ്ങാത്തം കൂടാനാണ് ആഗ്രഹിക്കുന്നത്. എന്നാൽ ഇവിടെ വയോധികനായ പൗലൊസും, യൗവനക്കാരനായ തിമൊഥെയൊസും തമ്മിലുള്ള സൗഹൃദം അഗാധമായിരുന്നു.

മുതിർന്നവർ എപ്പോഴും അനുഭവങ്ങൾ പറയുന്നതോ, ഉപദേശം നൽകുന്നതോ യൗവനക്കാർക്ക് ഇഷ്ടമല്ല. അത് അംഗീകരിക്കുന്നതിനുപകരം അവർ തർക്കിക്കുന്നു. അവർക്കെതിരെ സംസാരിക്കുന്നു. 'നിങ്ങൾക്ക് എന്തറിയാം?' എന്ന് പറഞ്ഞ് അപമാനിക്കുന്നു.

എന്നാൽ വചനത്തിൽ പലയിടത്തും പൗലൊസ് തിമൊഥെയൊസിന് ഉപദേശവും അനുഭവങ്ങളും മുന്നറിയിപ്പും നൽകിയതായി നമുക്ക് കാണാം. അവയെല്ലാം സ്വീകരിക്കുവാനും, പിന്തുടരാനും ശ്രദ്ധാലുവായിരുന്നതിനാൽ, തിമൊഥെയൊസ് അതിനെ ചോദ്യം ചെയ്യാതെ അനുസരിക്കുകയും അംഗീകരിക്കുകയും ചെയ്തുവെന്ന് നമുക്ക് കാണാൻ കഴിയുന്നു.

നമ്മുടെ പരമ്പരയിലെ നായകൻ ഒരു പിതാവിന്റെ വാക്കുകളെ എതിർക്കാത്ത കുഞ്ഞിനെപ്പോലെ ശുശ്രൂഷയിലും, എല്ലാ കാര്യങ്ങളിലും പൗലൊസിന് ഒരു മകനെപ്പോലെയായിരുന്നു.

### ഗുരു - ശിഷ്യ ബന്ധം

മാത്രമല്ല എന്റേതുപോലുള്ള ഒരു മനസ്സ് തിനിക്കുണ്ടെന്ന് പൗലൊസ് പരാമർശിച്ചതിനാൽ, തിമൊഥെയൊസ് പൗലൊസിനെപ്പോലെ ചിന്തിക്കാൻ പ്രാപ്തനാണെന്ന് നമുക്കറിയാം. പൗലൊസ് പ്രായത്തിൽ മുതിർന്നവനും, തിമൊഥെയൊസ് യൗവനക്കാരനും ആയിരുന്നു. ഒരു യൗവനക്കാരന് ഒരു വയോധികനെപ്പോലെ ചിന്തിക്കാൻ കഴിയില്ല. കാരണം, മുതിർന്നവർക്ക് ജീവിതത്തിൽ പല അനുഭവങ്ങളുണ്ട്. തന്റെ ഗുരുവായ പൗലൊസിനെപ്പോലെ ചിന്തിക്കുന്നതിൽ തിമൊഥെയൊസ് പക്വതയുള്ളവനായിരുന്നുവെന്ന് ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

ഇവിടെ തിമൊഥെയൊസ് പൗലൊസിൽ നിന്ന് പഠിച്ച കാര്യങ്ങൾ വായ് കൊണ്ട് പ്രസംഗിക്കുക മാത്രമല്ല, ക്രിസ്തുവിന്റെ കാൽപ്പാടുകൾ പിന്തുടരുന്ന ഒരു ശിഷ്യനും കൂടിയായിരുന്നു.

### യജമാനനും ശുശ്രൂഷകനും തമ്മിലുള്ള ബന്ധം


തിമൊഥെയൊസ് പൗലൊസിന് നല്ലൊരു സഹായിയായിരുന്നു. വിശപ്പിലും, പട്ടിണിയിലും, ദാരദ്ര്യത്തിലും, തടവറയിലും, എല്ലാ സുഖ ദുഃഖങ്ങളിലും, മറ്റ് ദാസന്മാർ തന്നെ വിട്ടുപോയപ്പോഴും അവസാനം വരെ പൗലൊസിനോടുകൂടെ തന്റെ യജമാനനെ വിട്ട് പിരിയാത്ത ഒരു നല്ല ദാസനായിരുന്നു തിമൊഥെയൊസ്.

### നന്മ ആഗ്രഹിക്കുന്ന സ്നേഹിതൻ

വെള്ളം മാത്രം കുടിക്കാതെ അജീർണതയും കൂടെക്കൂടെയുള്ള ക്ഷീണതയും നിമിത്തം അല്പം വീഞ്ഞും സേവിച്ചുകൊൾക എന്ന് അദ്ദേഹം തിരുവചനത്തിൽ തിമൊഥെയൊസിനെ ഉപദേശിക്കുന്നു.

ഇതിൽ നിന്നും തിമൊഥെയൊസിന് അടിക്കടി രോഗങ്ങൾ ഉണ്ടായിരുന്നുവെന്ന് നമുക്ക് മനസിലാക്കാം. ബലഹീനതയുടെ മദ്ധ്യത്തിലും ഒഴിവുകഴിവുകൾ പറയാതെ തിമൊഥെയൊസ് കർത്താവിനുവേണ്ടി തീവ്രമായി പ്രയത്നിച്ചു. നമുക്കെല്ലാവർക്കും ഒരു well wisher ഉണ്ട്; അങ്ങനെയല്ലേ? പൗലൊസ് തിമൊഥെയൊസിന്റെ ആരോഗ്യത്തെക്കുറിച്ച് ചിന്തയുള്ള ഒരു wellwisher കൂടെ ആയിരുന്നു.

കണ്ടോ friends, പൗലൊസും തിമൊഥെയൊസും തമ്മിൽ അത്രമാത്രം ആഴമേറിയ ബന്ധമുണ്ടായിരുന്നു. നമുക്കും ക്രിസ്തുയേശുവിൽ നമ്മെ നയിക്കുന്നവർക്കും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിച്ച് നോക്കാം. നാം അവരുമായി ഇടയിക്കിടെ ബന്ധം പുലർത്തുന്നുണ്ടോ? തിമൊഥെയൊസിനെപ്പോലെ നാം അവരെ ബഹുമാനിക്കുകയും, അവരുടെ വാക്കുകൾ അനുസരിക്കുകയും ചെയ്യുന്നുണ്ടോ? അതോ നമ്മൾ അവരെ തള്ളിക്കളയുകയാണോ? കർത്താവ് നമുക്ക് നൽകിയ ആത്മീയ പിതാവും മാതാവും വിലയേറിയ നിധികളാണ്.



തിമൊഥെയൊസ് എന്ന ഒരു വിത്ത് മുളച്ച് ഒരു മരമായി വളരാനും അനേകർക്ക് നല്ല ഫലം കൊടുക്കുവാനും പൗലൊസ് എന്ന തോട്ടക്കാരൻ ആവശ്യമാണ്. അതുപോലെ, നാമും മരങ്ങൾ പോലെ വളർന്ന് നല്ല ഫലങ്ങൾ നൽകുവാൻ ആത്മീയ മാതാപിതാക്കൾ നമുക്കും ആവശ്യമാണ്. അവരില്ലാതെ നമുക്ക് സ്വന്തമായി ക്രിസ്തുവിൽ വളരാനും, ഉപയോഗപ്പെടാനും കഴിയില്ല എന്ന് മനസ്സിലാക്കി പ്രവർത്തിക്കാം.

വീരയുഗം തുടരും......


## ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

യേശു വിടുവിക്കുന്നു

ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |



ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിരപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# പ്രാർത്ഥനാ ഡയറി

## നവംബർ - 2024

- ഇസ്രായേലും ഹിസ്ബുള്ളയും തമ്മിലുള്ള യുദ്ധം മൂലമുണ്ടായ സംഘർഷാവസ്ഥയ്ക്ക് അവസാനം വരാനായി പ്രാർത്ഥിക്കാം.
- ഏകദേശം1200 ഇസ്രായേല്യരെ ഹമാസ് ഭീകരർ വധിച്ചിരിക്കുന്നു. ഇനിയും ഇത്തരം മരണങ്ങൾ ഉണ്ടാകാതിരിക്കുവാനും യുദ്ധങ്ങൾ അവസാനിക്കുവാനും പ്രാർത്ഥിക്കാം.
- ലെബനനിൽ - ഹിസ്ബുള്ള ഉപയോഗിച്ചിരുന്ന പേജറുകൾ പൊട്ടിത്തെറിച്ച് 12 പേർ മരണപ്പെട്ടു. പരിക്കേറ്റ 4000 പേരുടെ സൗഖ്യത്തിനുവേണ്ടി പ്രാർത്ഥിക്കാം.
- ഉക്രെയ്ൻ, റഷ്യ യുദ്ധം അവസാനിക്കുവാനും, രണ്ട് രാജ്യങ്ങളും തമ്മിൽ സമാധാനം ഉണ്ടാകുവാനും പ്രാർത്ഥിക്കാം.
- വിമാനത്താവളങ്ങളിൽ യാത്രക്കാർക്ക് അനുയോജ്യമായ സൗകര്യങ്ങൾ ഒരുക്കുവാനും, വിമാനത്താവളങ്ങൾ നവീകരിക്കപ്പെടാനും പ്രാർത്ഥിക്കാം.
- വിമാനത്താവളങ്ങളിലെ അറ്റകുറ്റപ്പണികൾ മൂലമുണ്ടാകുന്ന അപകടങ്ങൾ തടയപ്പെടാനും, വിമാനങ്ങൾ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടാനും പ്രാർത്ഥിക്കാം.
- പൈലറ്റുമാർക്ക് ദൈവം നല്ല ജ്ഞാനവും വ്യക്തമായ കാഴ്ചയും ലഭിക്കുവാൻ വേണ്ടി പ്രാർത്ഥിക്കാം.
- ഓൺലൈൻ ഗെയിമുകളിലെ ദോഷവശങ്ങൾ മനസ്സിലാക്കി, അത് തടസ്സപ്പെടുത്താൻ സർക്കാർ നിയമങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.
- ഓൺലൈൻ ഗെയിമുകളോടുള്ള അഭിനിവേശം മൂലം മാനസിക രോഗം പിടിപെട്ടിരിക്കുന്ന യുവതലമുറയുടെ സൗഖ്യത്തിനുവേണ്ടി പ്രാർത്ഥിക്കാം.
- ഇതുമൂലം പഠനവും, ചിന്താശേഷിയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന യുവജനങ്ങളുടെ വിടുതലിനായി പ്രാർത്ഥിക്കാം.
- ഇന്ത്യയിലെ എല്ലാ സ്ത്രീകളുടെയും സുരക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.
- സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും, സ്ത്രീകൾക്ക് ശരിയായ സംരക്ഷണം ലഭിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കാം.
- സ്ത്രീകളെയും യൗവനക്കാരായ പെൺകുട്ടികളെയും തട്ടികൊണ്ടുപോയി പണമുണ്ടാക്കുന്ന മാഫിയ സംഘങ്ങളെ കണ്ടെത്തി നിയമത്തിനു മുന്നിൽ കൊണ്ടുവരാനായി പ്രാർത്ഥിക്കാം.
- ഇന്ത്യയിലെ വ്യവസായങ്ങളുടെ വളർച്ചയ്ക്കും ഇന്ത്യയുടെ സാമ്പത്തിക പുരോഗതിക്കും വേണ്ടി പ്രാർത്ഥിക്കാം.
- സഭകൾക്കുള്ളിലെ ഭിന്നതയുടെ ദുരാത്മാവ് ബന്ധിക്കപ്പെടാനായി പ്രാർത്ഥിക്കാം.
- സഭ ഉണർവിനുവേണ്ടി ഒരുങ്ങുവാനും, യുവജനങ്ങൾ കർത്താവിനുവേണ്ടി സൈന്യമായി എഴുന്നേൽക്കുവാനും പ്രാർത്ഥിക്കാം.
- സഭകൾക്കിടയിൽ ഐക്യം ഉണ്ടാകുവാനും, വിശ്വാസികൾക്കും പട്ടക്കാർക്കും ഇടയിൽ ഐക്യമുണ്ടാകുവാനും പ്രാർത്ഥിക്കാം.

- സഭകളിൽ വിശുദ്ധി ഉണ്ടാകുവാനും, വിശുദ്ധ സൈന്യത്തെ കർത്താവ് എഴുന്നേൽപ്പിക്കുവാനും പ്രാർത്ഥിക്കാം.
- രാജ്യത്തിലുടനീളം പല സംസ്ഥാനങ്ങളിലും മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ സംരക്ഷണത്തിനും അപകടങ്ങൾ ഉണ്ടാകാതിരിക്കാനും വേണ്ടി പ്രാർത്ഥിക്കാം.
- ഇന്ത്യൻ സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്ന 1.2 ദശലക്ഷം സൈനികരുടെ സംരക്ഷണത്തിനും, അവർക്ക് നല്ല ജ്ഞാനം ലഭിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കാം.
- യുദ്ധത്തിൽ സൈനികർ മരണപ്പെടാതിരിക്കുവാനായി പ്രാർത്ഥിക്കാം.
- സൈനികർക്കിടയിലുള്ള ആശയക്കുഴപ്പം മാറാനും, ദൈവീക ആധിപത്യം അവരിൽ വ്യാപരിക്കുവാനുമായി പ്രാർത്ഥിക്കാം.
- ഭീകരാക്രമണങ്ങൾ മൂലം അതിർത്തികളിൽ ഉണ്ടാകുന്ന സംഘർഷാവസ്ഥയ്ക്ക് മാറ്റമുണ്ടാകുവാനായി പ്രാർത്ഥിക്കാം.
- ബന്ധുക്കളിൽ നിന്ന് വേർപിരിഞ്ഞ് രാജ്യത്തിന് വേണ്ടി ജീവൻ ബലിയർപ്പിച്ച സൈനികരുടെ കുടുംബങ്ങളുടെ സംരക്ഷണത്തിനായി പ്രാർത്ഥിക്കാം.
- വരൾച്ച കാരണം കൃഷിയിടങ്ങൾ ബാധിക്കപ്പെട്ടിരിക്കുന്നു. നല്ല മഴ ലഭിക്കാനും, വിളകൾ സംരക്ഷിക്കപ്പെടാനും പ്രാർത്ഥിക്കാം.
- ജലസംഭരണികളിലെ ജലനിരപ്പ് കുറയാനും, ആവശ്യത്തിന് വെള്ളമില്ലാത്തതിനാൽ വിളകൾ നശിക്കാതിരിക്കാനും പ്രാർത്ഥിക്കാം.
- കനത്ത മഴ നിമിത്തം ഭക്ഷ്യവസ്തുക്കൾ നശിച്ചുപോയതുകൊണ്ട്, അവശ്യസാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുന്നു. ഇത് പാവപ്പെട്ടവരുടെ ജീവിതത്തെ ബാധിക്കാതിരിക്കുവാനായി പ്രാർത്ഥിക്കാം.
- ആന്ധ്രാപ്രദേശിലെ മഴയിലും വെള്ളപ്പൊക്കത്തിലും ദുരിതമനുഭവിക്കുന്ന 4.5 ലക്ഷം ജനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കപ്പെടുന്നതിനായി പ്രാർത്ഥിക്കാം.
- മഴക്കെടുതിയിൽ വീടും വസ്തുക്കളും നഷ്ടപ്പെട്ടവരുടെ ദുരിതങ്ങൾ പരിഹരിക്കപ്പെടാനായി പ്രാർത്ഥിക്കാം.
- മഴനിമിത്തം മരണങ്ങൾ സംഭവിക്കാതിരിക്കാനും, അനുഗ്രഹിക്കപ്പെട്ട മഴയുണ്ടാകുവാനുമായി പ്രാർത്ഥിക്കാം.



# ഭാവങ്ങൾ

# വിദ്വേഷം




കഴിഞ്ഞ 4 മാസമായി ഭയം, ഏകാന്തത, കോപം, വിഷാദം പോലുള്ള നിഷേധാത്മകഭാവങ്ങളെക്കുറിച്ചും, അവ എങ്ങനെ കൈകാര്യം ചെയ്യാമെന്നതിനെക്കുറിച്ചും, ഭാവങ്ങൾ എന്ന ഭാഗത്തിലൂടെ നാം യിച്ചുകൊണ്ടിരിക്കുന്നു. ഈ പംക്തിയുടെ അവസാന ഭാഗത്തിലൂടെ വിദ്വേഷം എന്ന വിഷയത്തെക്കുറിച്ച് ഈ മാസം നാം കാണുവാൻ പോകുന്നു.

വിദ്വേഷം എന്നത് വളരെ ആഴത്തിലുള്ള അനിഷ്ടത്തിൽ നിന്ന് ഉണ്ടാകുന്ന ഒരു മാനസികാവസ്ഥയാണ്. ഇത് സാധാരണയായി ആളുകൾ, വസ്തുക്കൾ അല്ലെങ്കിൽ ചിന്തകൾ എന്നിവയിൽ നിന്നും ഉണ്ടാകുന്നു. പൊതുവെ, പകയുള്ള ഒരു വ്യക്തിക്ക് കോപം, അസ്വസ്ഥത, മുഖത്തിൽ ഭാവമാറ്റം എന്നിവ കാണപ്പെടും. വിദ്വേഷം നമ്മുടെ ദൈനംദിന ജീവിതത്തിൽ ഒഴിവാക്കാൻ സാധിക്കാത്ത ഒരു ഭാവമായി മാറിയിരിക്കുന്നു.

## ഉദാഹരണത്തിന്,



*Traffic Signal*ലിൽ കാത്തുനിൽക്കുന്നതിലുള്ള വെറുപ്പ്.



*Sunday* അവധി കഴിഞ്ഞ് *Monday* ജോലിക്ക് വീണ്ടും വരുന്നതിലുള്ള വെറുപ്പ്.



അമ്മ ഭക്ഷണത്തിൽ പാവയ്ക്ക ഉണ്ടാക്കിയാൽ ആ ഭക്ഷണത്തോട് വെറുപ്പ്



*Maths*പഠിക്കാൻ പറ്റാത്തതിന്റെ വെറുപ്പ്.

ഒരു വ്യക്തിയെ വെറുക്കുക, ഒരു പ്രവൃത്തിയെ വെറുക്കുക, അല്ലെങ്കിൽ ഒരു വസ്തുവിനെ വെറുക്കുക തുടങ്ങി വിദ്വേഷം നിറഞ്ഞ നിരവധി നിമിഷങ്ങൾ നിങ്ങളും നേരിട്ടിരിക്കാം!

ഇത്തരം എത്രയോ വിദ്വേഷങ്ങളിലൂടെയാണ് നാം ദിവസവും കടന്നുപോകുന്നത്. എന്നാൽ അത്തരം വിദ്വേഷം ഒരു വ്യക്തിക്ക് നേരെ ഉണ്ടാകുകയും ശരിയായ രീതിയിൽ കൈകാര്യം ചെയ്യാതിരിക്കുകയും ചെയ്യുമ്പോൾ അത് അസൂയയായി മാറുകയും ഒരാളുടെ ജീവിതത്തെ തന്നെ നശിപ്പിക്കുകയും ചെയ്യും. ഇത് എങ്ങനെ ശരിയായി കൈകാര്യം ചെയ്യാമെന്ന് ഈ പംക്തിയിലൂടെ നോക്കാം.

### വിശുദ്ധവേദപുസ്തകത്തിലെ വിദ്വേഷത്തിന്റെ അനന്തരഫലങ്ങൾ

ഇസ്രായേലിന്റെ ആദ്യത്തെ രാജാവായി തിരഞ്ഞെടുക്കപ്പെട്ട ശൗലിനെ നിങ്ങൾക്ക് അറിയാമല്ലോ. ശൗൽ ദാവീദിനെ സൈന്യത്തിന്റെ ചുമ തല ഏൽപ്പിച്ചു. എന്നാൽ ദാവീദ് ഗോലിയാത്ത് എന്ന ഫെലിസ്ത്യനെ പരാജയപ്പെടുത്തിയശേഷം, സ്ത്രീകൾ അവനെ പുകഴ്ത്തിയത് നിമിത്തം, ശൗലിന് ദാവീദിനോട് അസൂയയും ദേഷ്യവും



തോന്നുകയും അവനെ കൊല്ലാൻ ശ്രമിക്കുകയും ചെയ്തു. ഇതാണ് വിദ്വേഷത്തിന്റെ അനന്തരഫലം. ഒരു സാധാരണ വിദ്വേഷത്തിന്റെ ഫലമായി, അഭിഷേകം പ്രാപിച്ച വ്യക്തിയെപ്പോലും ഒരു കൊലപാതകനാക്കുവാനുള്ള പ്രേരണ ഉണ്ടാക്കി. അതുകൊണ്ട് ഈ ഭാവത്തെ ശരിയായ രീതിയിൽ കൈകാര്യം ചെയ്യേണ്ടത് വളരെ പ്രധാനമാണ്.




### വെറുപ്പിനെ എങ്ങനെ കൈകാര്യം ചെയ്യാം?

ആദ്യമായി ക്ഷമിക്കുന്ന ഹൃദയമുണ്ടാകണം. നിങ്ങളെ മുറിവേൽപ്പിച്ച വ്യക്തി ആരായാലും



അവരോട് ആത്മാർത്ഥമായി ക്ഷമിക്കാൻ തയാറാകണം.

നിങ്ങൾ വെറുക്കുന്ന ആ വ്യക്തിയെ മനസ്സിലാക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കണം.

### വെറുപ്പിനെ അതിജീവിക്കാൻ ചില വചനങ്ങൾ

"സഹോദരനെ നിന്റെ ഹൃദയത്തിൽ ദ്വേഷിക്കരുത്; കൂട്ടുകാരന്റെ പാപം നിന്റെമേൽ വരാതിരിപ്പാൻ അവനെ താൽപര്യമായി ശാസിക്കേണം. പ്രതികാരം ചെയ്യരുത്; നിന്റെ ജനത്തിന്റെ മക്കളോടു പക വയ്ക്കരുത്; കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം" (ലേവ്യാപുസ്തകം 19:17,18).

"എന്നാൽ കേൾക്കുന്നവരായ നിങ്ങളോടു ഞാൻ പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ പകയ്ക്കുന്നവർക്കു ഗുണം ചെയ് വിൻ" (ലൂക്കോസ് 6:27)

**പ്രിയ യുവജനങ്ങളെ! ഈ നിഷേധാത്മക ഭാവങ്ങളിൽ ചിലത് ഇടയ്ക്കിടെ കൈകാര്യം ചെയ്തില്ലെങ്കിൽ, അനന്തരഫലങ്ങൾ നമ്മുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തും. അതുകൊണ്ട് ഈ ഭാവങ്ങൾ കൈകാര്യം ചെയ്യാനും, കർത്താവുമായുള്ള ദൈനംദിന ബന്ധത്തിനും, പ്രാർത്ഥനാ സ്നേഹിതരുമായുള്ള കൂട്ടായ്മകൾക്കും സ്വയം സമർപ്പിക്കാൻ നിങ്ങൾ തീരുമാനിക്കുമ്പോൾ, വെറുപ്പ് മാറ്റി അനുഗ്രഹീതമായ ജീവിതം നയിക്കാനുള്ള ശക്തി കർത്താവ് നിങ്ങൾക്ക് നൽകും!**

# NISUIN BERIYTH



## വിവാഹ ഉടമ്പടി

### ഭാഗം - 10



ഹലോ യൗവനക്കാരെ, വർഷാരംഭം മുതൽ മാസന്തോറും വിവാഹത്തിന് തയാറെടുക്കുന്ന ക്രൈസ്തവ യൗവനക്കാർ ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതുമായ കാര്യങ്ങളെക്കുറിച്ച് ധ്യാനിച്ചു. ആ നിർദ്ദേശങ്ങളെല്ലാം നിങ്ങൾക്ക് ഉപയോഗപ്രദമായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ നാം ഈ ലേഖനത്തിന്റെ അവസാന ഭാഗത്തിൽ എത്തിയിരിക്കുന്നു.

ശരി, ഒരു വധുവും, വരനും വിവാഹനിശ്ചയം നടത്തിയെന്ന് കരുതുവിൻ. വരനും വധുവും സംസാരിച്ച് തുടങ്ങും. നോക്കൂ: ഒരു മണിക്കൂർ..... രണ്ട് മണിക്കൂർ .... അല്ല... അല്ല .... ധാരാളം മണിക്കൂർ. പക്ഷേ ഒരിക്കലും മതിവരില്ല. വർഷങ്ങളായി സംസാരിക്കേണ്ട കാര്യങ്ങൾ അവർ കുറച്ച് ദിവസങ്ങൾക്കുള്ളിൽ സംസാരിക്കും. സംസാരിക്കുന്നത് തെറ്റാണെന്ന് പറയില്ല. പറയേണ്ട കാര്യങ്ങൾ മാത്രം വിവേകത്തോടെ ചുരുങ്ങിയ സമയത്തിനുള്ളിൽ പറഞ്ഞ് അവസാനിപ്പിക്കണം. അമിതമായാൽ അമൃതും വിഷമാണ് എന്ന് പറയാറുണ്ട്. അതുപോലെ, ചിലർ പഴയ പാപജീവിതം പോലുള്ള അനാവശ്യമായ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതിലൂടെ പല നിശ്ചയിക്കപ്പെട്ട വിവാഹങ്ങളും തടസ്സപ്പെടുന്നു. അതുകൊണ്ട്, ദൈവമക്കൾ വിവേകത്തോടെ നടക്കേണ്ടതാകുന്നു.

## ആഡംബരങ്ങൾ ആവശ്യമാണോ?



ചില യൗവനക്കാർ, സ്നേഹിതരുടെ ഉപദേശപ്രകാരം, സമ്പന്നരുടെ ഭവനങ്ങളിലെ വിവാഹങ്ങളിൽ അനാവശ്യ ആഡംബര ചെലവുകൾ ചെയ്യുന്നത് കണ്ട് അതുപോലെ, ചെയ്യുവാൻ മാതാപിതാക്കളെ നിർബന്ധിക്കുന്നു. ഉദാഹരണത്തിന്, വിവാഹ ക്ഷണക്കത്ത് അച്ചടിക്കുന്നത് ലളിതമായി ചെയ്യാം. ഉയർന്ന ചെലവിൽ ഉയർന്ന നിലവാരമുള്ള പേപ്പറിലും ചെയ്യാം. വിലയേറിയ ക്ഷണക്കത്ത് ആയിരുന്നാലും ആരും അത് എന്നേക്കും സൂക്ഷിക്കാൻ പോകുന്നില്ല. അതുകൊണ്ട് കഴിയുന്നത്ര ചെലവ് കുറഞ്ഞ രീതിയിൽ, ക്ഷണക്കത്ത് അച്ചടിക്കുന്നതാണ് നല്ലത്.

ഓരോ ചെലവുകളും നടത്തുന്നതിന് മുമ്പ് 'ഇത് തീർച്ചയായും ആവശ്യമാണോ?', 'ഇത് ഇല്ലെങ്കിൽ പ്രശ്നമുണ്ടോ?', 'ഇത് ദൈവത്തിന് ഹിതമാണോ?' ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുകയും തുടർന്ന് പ്രവർത്തിക്കുകയും ചെയ്യണം.

ലക്ഷങ്ങളും കോടികളും വിഴുങ്ങി അനുഗ്രഹം കിട്ടാതെ പോയ എത്രയോ വിവാഹങ്ങളുണ്ട്. തലമുറകളായി അനുഗ്രഹീതമായ നിരവധി ലളിതമായ വിവാഹങ്ങളുമുണ്ട്. നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ മക്കളാണ് എന്ന് മനസ്സിൽ ഓർത്തുകൊണ്ട് പ്രവർത്തിക്കുവിൻ.

## ആദ്യത്തെ ക്ഷണം.



നിങ്ങളുടെ വിവാഹം ഉറപ്പിച്ചു, ഇത്രയും കാലം ജീവിതപങ്കാളിക്കുവേണ്ടി മാത്രം പ്രാർത്ഥിച്ച നീ, ഇനി ആദ്യം യേശുവിനെ നിന്റെ വിവാഹത്തിന് ക്ഷണിക്കണം, കാനാവിലെ കല്യാണത്തിന് യേശുവിനെയും ശിഷ്യന്മാരെയും ക്ഷണിച്ചിരുന്നു (യോഹ 2:2). എല്ലാ സൗകര്യങ്ങളോടെ നടന്ന വിവാഹത്തിൽ പോലും വീഞ്ഞ് തീർന്നുപോയി. പെട്ടെന്ന് തയാറാക്കാൻ പറ്റാത്ത പാനീയമാണ് വീഞ്ഞ്. കുറഞ്ഞത് മൂന്ന് ദിവസമെങ്കിലും പുളിച്ചാൽ മാത്രമേ (fermentation) ഇതിന് ശരിയായ രുചി ലഭിക്കൂ. യേശുവിനെ വിവാഹത്തിന് ക്ഷണിക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്തതിനാൽ, ആ പ്രശ്നം പലരും അറിയുന്നതിന് മുമ്പ് പരിഹരിക്കപ്പെട്ടു.

## ദൈവത്തെ അറിയിക്കുവിൻ

കല്യാണം നിശ്ചയിച്ച ദിവസം മുതൽ വിവാഹ ദിവസം വരെ ക്ഷണക്കത്ത് അച്ചടിക്കുക, ആരെയൊക്കെയാണ് ക്ഷണിക്കേണ്ടത് എന്ന് തീരുമാനിക്കുക, എല്ലാവർക്കും ക്ഷണക്കത്ത് അയയ്ക്കുക, വിവാഹ വസ്ത്രങ്ങളും മറ്റ് സാധനങ്ങളും വാങ്ങുക, ഭക്ഷണ കാര്യങ്ങൾ എന്നിവ നിങ്ങളുടെ കുടുംബത്തോടൊപ്പം പ്രാർത്ഥനയോടെ ചെയ്യുവിൻ.



**എന്നിരുന്നാലും വിവാഹദിനം അടുക്കുന്തോറും, ചിലർ ചില കാര്യങ്ങളിൽ ആശയക്കുഴപ്പത്തിലാണ്. ' എന്റെ മാതാപിതാക്കൾ സാമ്പത്തിക ആവശ്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യും?', അല്ലാത്തപക്ഷം 'ചില പ്രധാന ബന്ധുക്കളെ കല്യാണത്തിന് ക്ഷണിച്ചതിന്റെ പ്രശ്നം, ക്ഷണിക്കാതിരുന്നതിന്റെ പ്രശ്നം നിമിത്തം വഴക്കോ സമാധാനക്കുറവോ ഉണ്ടാകുമോ, 'കല്യാണത്തിന് തയാറാക്കുന്ന ഭക്ഷണം എല്ലാവർക്കും മതിയാകുമോ', 'കാലാവസ്ഥയിൽ മാറ്റം വരുമോ', 'കുടുംബത്തിലെ പ്രായമായവരുടെ ആരോഗ്യത്തിൽ പ്രശ്നമുണ്ടാകുമോ' എന്നുള്ള എന്ത് ആശങ്ക ഉണ്ടായിരുന്നാലും അത് കർത്താവിനെ അറിയിക്കുക. ആരോടും പറഞ്ഞ് കരയരുത്. എല്ലാം ഒരു കുറിപ്പായോ, പ്രാർത്ഥനാ പുസ്തകത്തിലോ എഴുതിവച്ച് ദിവസവും പ്രാർത്ഥിക്കുക. കഴിയുമെങ്കിൽ, ഒരു ദിവസമെങ്കിലും ഉപവാസം എടുത്ത് പ്രാർത്ഥിക്കാൻ ശ്രമിക്കുക. അതുകൊണ്ട് എത്ര നോക്കിയാലും നിങ്ങളുടെ വിവാഹത്തിൽ ഒരു പോരായ്മയും കണ്ടെത്താൻ ആർക്കും കഴിയില്ല. തീർച്ചയായും "കർത്താവ് നിങ്ങൾക്കുവേണ്ടി എല്ലാം ചെയ്തുതരും"!!**

(വിവാഹ ഉടമ്പടിയുടെ അവസാനഭാഗം അടുത്ത ലക്കത്തിൽ തുടരും).



# മുത്തുച്ചിപ്പി

# ഹാഗാർ

**കഥാപാത്രത്തിന്റെ പേര് - ഹാഗാർ**
**അർത്ഥം - അലഞ്ഞുതിരിയുന്നവൾ**

## ഹാഗാറിന്റെ ചരിത്രം

ദാരിദ്ര്യം കാരണം ഹാഗാറിന്റെ അച്ഛനും അമ്മയും അവളെ ഈജിപ്തിലെ രാജാവിന് അടിമയായി വിറ്റു. അബ്രഹാം ഈജിപ്തിലേക്ക് പോയപ്പോൾ, ഫറവോന്റെ പ്രഭുക്കന്മാർ സാറായെ കൊട്ടാരത്തിലേക്ക് കൊണ്ടുപോയി. അബ്രഹാം സാറായുടെ സഹോദരനാണെന്ന് ഫറവോൻ കരുതി. അവനെ വശത്താക്കാൻ ഫറവോൻ അബ്രഹാമിന് ധാരാളം ആടുമാടുകളും, ദാസന്മാരും, ദാസിമാരും, പെൺകഴുതകളും, ഒട്ടകങ്ങളും പ്രതിഫലമായി നൽകി. എന്നാൽ കർത്താവ് ഫറവോനെയും അവന്റെ കുടുംബത്തെയും വലിയ ബാധകളാൽ ദണ്ഡിച്ചു. അങ്ങനെ ഫറവോൻ അബ്രഹാമിനെയും അവന്റെ ഭാര്യയെയും അവനുള്ള സകലവുമായി പറഞ്ഞയച്ചു. അതിൽ വന്ന ദാസിമാരിൽ ഒരാളായിരുന്നു ഹാഗാർ. (ഉല്. 12:10-20).

## ദൈവദൂതനുമായുള്ള കൂടിക്കാഴ്ച



ഹാഗാർ ഗർഭിണിയായിരുന്നപ്പോൾ തന്റെ യജമാനത്തിയെ (സാറ) ഉപേക്ഷിച്ച് മരുഭൂമിയിലേക്ക് ഓടിപ്പോയി. അവിടെ കർത്താവിന്റെ ദൂതൻ ഹാഗാറിനെ സന്ദർശിച്ച് അവളെ അനുഗ്രഹിക്കുകയും അവളുടെ സന്തതികൾ എങ്ങനെയായിരിക്കുമെന്ന് അവളോട് പറയുകയും ചെയ്തു. ആ സ്ഥലത്ത് ഹാഗാർ കർത്താവിനോട്, "ദൈവമേ നീ എന്നെ കാണുന്നു" എന്ന് വിളിച്ചുപറഞ്ഞു (ഉല് 16:13). വേദപുസ്തകത്തിൽ ധാരാളം ദൈവഭക്തന്മാരും കർത്താവ് അവരോട് സംസാരിച്ച സ്ഥലത്തിന് പേരിട്ടു. എന്നാൽ ആദ്യമായി, 'ദൈവമേ നീ എന്നെ കാണുന്നു' എന്ന് വിളിച്ചുപറഞ്ഞത് ഈ സ്ത്രീ മാത്രമാണ്. അടിമയായ ഹാഗാർ അബ്രഹാമിൽ നിന്ന് കർത്താവിനെക്കുറിച്ച് അറിഞ്ഞിരിക്കണം. ഹാഗാർ കർത്താവിനോട് കാണിക്കുന്ന സ്നേഹം കണ്ട്, രണ്ടുതവണ ദൈവം അവളെ സന്ദർശിച്ച്, അവൾക്ക് വാഗ്ദത്തം നൽകി ആശ്വസിപ്പിച്ചു. ഹാഗാർ കർത്താവിനെ വളരെയധികം സ്നേഹിച്ചിരുന്നതിനാൽ തന്നെ, 'എന്നെ കാണുന്ന കർത്താവേ' എന്ന് പേര് പറഞ്ഞു മഹത്വപ്പെടുത്തി.

പ്രിയ യുവജനങ്ങളെ! ഹാഗാർ ദൈവത്തെ അറിയാത്ത വിജാതീയ ആയിരുന്നുവെങ്കിലും, അവളുടെ ഞെരുക്കത്തിൽ കർത്താവിനെ തന്റെ സഹായകനായി കാണുകയും; അന്നുമുതൽ കർത്താവിന്റെ സ്നേഹം അവൾ രുചിച്ചറിയുകയും ചെയ്തു. നമ്മളും കർത്താവിനെ അറിഞ്ഞാൽ മാത്രം പോരാ; ഹാഗാറിനെ പോലെ ഓരോ നിമിഷവും കർത്താവിനെ രുചിച്ചറിയണം!



